നവംബർ 2015

# സുവാർത്താദൂതൻ




'സഹോദരന്മാരേ ഞാൻ അറിയിച്ച സുവിശേഷം മാനുഷികമല്ല .... യേശുക്രിസ്തുവിന്റെ വെളിപ്പാടിനാലത്രേ പ്രാപിച്ചത്'. (ഗലാ 1: 11,12)

Vol . 8 Suvartha Dhodan No. 11

VOL.8 ISSUE 11 NOVEMBER 2015

# SUVARTHA DHODAN

**Published by The Full Gospel Church of Suvartha**

***Printed, Published & Owned by***
V.S. Varghese
Suvartha Dhodan
Mallappally West P.O.
Kerala-689 585
Ph /Fax: 0469-2781845
suvarthamallappally@gmail.com

REPRESENTATIVES

***Chief Editor***
Jiji Daniel

***President***
Abraham John
Ph : 0096599115682

***Vice President***
V.S. Varghese
Ph : 9495555076

***Gen-Secretary***
T.V. Pothen
Ph : 9447525138

DIRECTOR BOARD

*Chairman*
Charley Mathew

*Vice Chairman*
Johnson Vaidyan

*Co-ordinator*
Cherian Joseph (Viji)

*Church Planting, Evangelism, Projects*
Rajan Varghese

*Web Medias*
Shaji Kurien

*Editor*
C.J. Zachariah
9744219341

## ഉള്ളടക്കം

പേജ്

3 കൃപയാൽ വിശ്വാസം മൂലം രക്ഷ...................പാസ്റ്റർ ഏബ്രഹാം ജോൺ

5 സുവിശേഷത്തിന്റെ ദൈവീക ഉത്ഭവം.............. പാസ്റ്റർ റ്റി.വി. പോത്തൻ

7 ക്രൂശിന്റെ ഇടർച്ച....................................പാസ്റ്റർ വി.എസ്. വർഗ്ഗീസ്

9 വേദപുസ്തക പംക്തി

11 ക്രിസ്തുവിനെ ഏറ്റുപറയുക...........................ഇവാ. സി. ജെ. സഖറിയ

13 Galatians

14 ജീവചരിത്രപംക്തി

15 കുടിച്ചു പായുന്ന കേരളം

18 വിശ്വസ്തത പാലിക്കുക ....പ്രെയ്സി ആൻ ജിജി

19 നല്ല സുഹൃത്തുക്കൾ

## വായനക്കാരുടെ ശ്രദ്ധയ്ക്ക്

മാസികയെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങൾ, നിർദ്ദേശങ്ങൾ എന്നിവ ഞങ്ങളെ ദയവായി എഴുതി അറിയിക്കുക

ഓരോ ലക്കത്തിലെയും പംക്തിയിലെയും ആശയങ്ങൾ അതാത് എഴുത്തുകാരുടേതാണ് -എഡിറ്റർ

The views and ideas expressed in each articles are those of the writer -Editor

***For more details***

The Editor, Suvartha Dhodan
Mallappally West P.O.
Kerala-689 585, Ph/Fax : 0469-2781845
E-mail : suvarthamallappally@gmail.com

പൂർണ്ണസുവിശേഷ സത്യങ്ങൾ ഉദ്ഘോഷിക്കുന്ന
ഒരു ക്രൈസ്തവ മാസിക

# കൃപയാൽ വിശ്വാസം മൂലം രക്ഷ



**പാ. ഏബ്രഹാം ജോൺ**

'**കൃ**പയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്, അതിന്നും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേ ആകുന്നു. ആരും പ്രശംസിക്കാതിരിക്കുവാൻ പ്രവർത്തികളും കാരണമല്ല' (എഫെ. 2:8,9). ഒരു മനുഷ്യൻ മരിക്കുമ്പോൾ ദൈവം അവന്റെ പ്രവർത്തികളെ തൂക്കി നോക്കുകയും, നന്മയാണ് മുന്നിട്ട് നില്ക്കുന്നതെങ്കിൽ അവനെ സ്വർഗ്ഗത്തിലേക്കും, നേരെമറിച്ച് തിന്മയാണ് മുന്നിട്ടു നില്ക്കുന്നതെങ്കിൽ നരകത്തിലേക്കും തള്ളിവിടുമെന്ന ധാരണയാണ് മനുഷ്യരിൽ നല്ല പങ്കും വെച്ചു പുലർത്തുന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, മനുഷ്യന്റെ സ്വയത്തിലും പ്രവർത്തിയിലും കൂടെ സ്വർഗ്ഗമോ അഥവാ നരകമോ കരസ്ഥമാക്കാമെന്ന ചിന്താഗതിയിൽ ആശ്രയിക്കുന്ന ഒരു ഭൂരിപക്ഷം ജനതതി ഇന്ന് നിലകൊള്ളുന്നു. എന്നാൽ ദൈവത്തിന്റെ മനുഷ്യരോടുള്ള മാറ്റമില്ലാത്ത വെളിപ്പാടായ വേദപുസ്തകം ഈ അഭിപ്രായത്തിന് ഘടകവിരുദ്ധമായ സംഗതികളാണ് മനുഷ്യന്റെ രക്ഷയെക്കുറിച്ച് വെളിച്ചം നൽകുന്നത്. എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായി തീർന്നുവെന്നും പാപത്തിന്റെ ശിക്ഷ നിത്യമരണമാകുന്ന നരകമാണെന്നും വേദപുസ്തകം വ്യക്തമാക്കുന്നു (റോമർ 3:23). എന്നാൽ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നതിലൂടെ മനുഷ്യവർഗ്ഗത്തിന് നരകത്തെവിട്ടു മാറി നിത്യസ്വർഗ്ഗത്തിന് അവകാശികളായി തീരുന്നതിന് ദൈവം രക്ഷാമാർഗ്ഗം ഒരുക്കിയിരിക്കുന്നു (റോമർ 6:23).

മനുഷ്യവർഗ്ഗം മുഴുവനും ആദാമിലൂടെ ദൈവത്തോട് അനുസരണക്കേടു കാണിക്കുന്നവരും, അങ്ങനെ ദൈവശിക്ഷയായ മരണത്തിനും, നിത്യമരണമായ നരകത്തിനും ഓഹരിക്കാരായി തീരുന്നതിനും ഇടയായി. എന്നാൽ ആദിയിൽ തന്നെ അന്തവും അറിയാവുന്നവനായ ദൈവം, മനുഷ്യനെ സൃഷ്ടിക്കുന്നതിന് തീരുമാനിച്ചപ്പോൾ അവന്റെ അനുസരണക്കേടും തന്മൂലമുള്ള ദൈവീകശാപവും മുൻകാണുകയും മനുഷ്യന്റെ രക്ഷയ്ക്കായി ത്രിത്വത്തിൽ രണ്ടാമനായ യേശുക്രിസ്തുവിനെ പാപപരിഹാരബലിയായി അർപ്പിക്കുകയും, മനുഷ്യവർഗ്ഗത്തിന്റെ രക്ഷണ്യപ്രവർത്തി പൂർത്തീകരിക്കുകയും ചെയ്തു. 'തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു' (യോഹ.3:16). ദൈവത്തിന്റെ ദാനമായ രക്ഷലഭ്യമാകുന്നതിന് ദൈവപുത്രനായ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കേണ്ടത് ആവശ്യമാണ്. ദൈവം യേശുക്രിസ്തുവിലൂടെ ഒരുക്കിയ വഴി ദൈവകൃപയാലും വിശ്വാസത്താലുമുള്ള നമ്മുടെ നടപ്പിനാലും മാത്രമാണ് സാദ്ധ്യമായി തീരുന്നത്. 'വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ട് നമ്മുടെ കർത്താവായ യേശുക്രിസ്തു മൂലം നമുക്കു ദൈവത്തോട് സമാധാനം ഉണ്ട്. നാം നില്ക്കുന്ന ഈ കൃപയിലേക്കു നമുക്കു അവന്മൂലം വിശ്വാസത്താൽ പ്രവേശനവും ലഭിച്ചിരിക്കുന്നു. നാം ദൈവതേജസ്സിന്റെ പ്രത്യാശയിൽ പ്രശംസിക്കുന്നു' (റോമർ 5:1,2). മനുഷ്യന്റെ ദാനധർമ്മങ്ങളും നേർച്ചകാഴ്ചകളും, കൂദാശകളും, പുണ്യകേന്ദ്രശന്ദർശനങ്ങളും മറ്റ് യാതൊന്നും തന്നെ നമ്മെ രക്ഷയിലേക്ക് നയിക്കുന്നതിന് പര്യാപ്തമല്ല.

ദൈവം നൽകുന്ന രക്ഷ ദാനമായിരിക്കുന്നതു പോലെ അമൂല്യവുമാണ്. മനുഷ്യന്റെ രക്ഷ ഒരുക്കുന്നതിന് ദൈവം തന്റെ ഏകജാതനായ യേശുക്രിസ്തുവിനെ താഴ്ത്തി ജഡാവതാരം എടുക്കുന്നതിനും ക്രൂശ് വഹിച്ച് മനുഷ്യവർഗ്ഗത്തിന്റെ പാപം മുഴുവനും തന്റെ മേൽ ചൊരിഞ്ഞ് അതിഘോരമായ ദണ്ഡനത്തിലൂടെ തന്റെ ശരീരം മുഴുവനും തകർക്കപ്പെട്ട് അവസാന തുള്ളി രക്തംവരെയും ചിന്തുകയുണ്ടായി. രണ്ടായിരം വർഷങ്ങളിൽ പരമായി, യേശുക്രിസ്തുവിലൂടെ മാത്രം ലഭ്യമായ രക്ഷയുടെ സാക്ഷ്യം വഹിച്ചതിന്, എണ്ണമറ്റ യേശുവിന്റെ വിശ്വസ്തസാക്ഷികൾക്ക് മത, രാഷ്ട്രീയ അധികാര കേന്ദ്രങ്ങളിൽ നിന്നും മർദ്ദനവും പീഡനങ്ങളും ജയിൽവാസവും മരണവും നേരിടേണ്ടതായി വന്നു. നമ്മുടെ തലമുറയിലും ലോകത്തിന്റെ അഞ്ചുവൻകരകളിലും അങ്ങിങ്ങായി ഈ അവസ്ഥനടമാടികൊണ്ടിരിക്കുന്നു. യേശുക്രിസ്തുവിലൂടെ മാത്രം ദൈവം ഒരുക്കിയതായ ഈ വലിയ രക്ഷപ്രാപ്തമാക്കുന്നതിന് മനുഷ്യൻ തന്റെ പഴയ സ്വഭാവങ്ങളും ജീവിതചര്യകളും, ദുരഭിമാനങ്ങളും, ഉന്നതഭാവങ്ങളും ദൈവവിരുദ്ധമായ ബന്ധങ്ങളെയും കൂട്ടങ്ങളെയും ഒക്കെ ത്യജിക്കുന്ന വലിയ വിലകൊടുക്കേണ്ടതായിട്ടുണ്ട്. 'പിന്നെ യേശു ശിഷ്യന്മാരോടു പറഞ്ഞത്: ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ച്, തന്റെ ക്രൂശു എടുത്തു എന്നെ അനുഗമിക്കട്ടെ. ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാൽ അതിനെ കണ്ടെത്തും' (മത്താ.16:24,25).

ഒരുവൻ ക്രിസ്തുയേശുവിലൂടെ, ദൈവം കൃപയാൽ ഒരുക്കിയ രക്ഷയിൽ ആശ്രയിക്കുമ്പോൾ, നിത്യജീവനിലേക്കും നിത്യമായ സ്വർഗ്ഗീയവാസത്തിനും വേണ്ടിയുള്ള യാത്ര ആരംഭിക്കുന്നു; കൂടാതെ ഈ യാത്ര പടിപടിയായി വളർന്ന് നമ്മുടെ രക്ഷയുടെ അനുഭവം പൂർത്തീകരിക്കുന്നതിനും വിശ്വസ്തനായ ദൈവം നമ്മെ സഹായിക്കുന്നു. 'ഞാൻ ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നത്' (ഗലാ.2:20). നന്മപ്രവർത്തികളിലൂടെ ആർക്കും തന്നെ രക്ഷപ്രാപിക്കുവാൻ സാദ്ധ്യമല്ല; എന്നാൽ യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ രക്ഷിക്കപ്പെട്ട വ്യക്തി ദൈവത്തിന്റെ സ്വഭാവം തന്റെ പ്രവത്തികളിലും ജീവിതചര്യയിലും സ്വഭാവത്തിലും ലക്ഷ്യബോധത്തിലും എല്ലാം പ്രകടമാക്കുന്നു. 'നാം അവന്റെ കൈപ്പണിയായി സൽപ്രവർത്തികൾക്കായിട്ടു ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു; നാം ചെയ്തുപോരേണ്ടതിനു ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു'(എഫെ.2:10).

ലോകത്തിന്റെ ഏകരക്ഷകനായ കർത്താവായ യേശുക്രിസ്തു തന്റെ മൂന്നര വർഷക്കാലത്തെ പരസ്യശുശ്രൂഷയിൽ 'ഞാൻ തന്നെ വഴിയും സത്യവും ജീവനുമാണെന്ന്' വെളിപ്പെടുത്തി. 'പിതാവിനെ ആരും ഒരുനാളും കണ്ടിട്ടില്ല, തന്റെ മടിയിൽ ഇരുന്ന ഏകജാതനായ പുത്രൻ അവനെ വെളിപ്പെടുത്തി ഇരിക്കുന്നു' എന്ന് യേശു പ്രഖ്യാപിക്കുകയുണ്ടായി. ദൈവത്തിങ്കലേക്കുള്ള ഏക സത്യവഴിയായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നതിന് യേശു ആരെയും നിർബന്ധിച്ചില്ല. എന്നാൽ യേശു തന്നിൽ വിശ്വസിക്കുകയും, അതുപോലെ തന്നെ ത്യജിച്ചുകളയുകയും ചെയ്യുന്നതിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് യാതൊരു മറയും കൂടാതെ വെളിപ്പെടുത്തുകയുണ്ടായി. നമ്മെ ഒന്നുമില്ലായ്മയിൽ നിന്നും സൃഷ്ടിച്ച ദൈവം, നാം ദൈവത്തെ മനസ്സോടെ അനുസരിച്ച് അനുഗ്രഹം പ്രാപിക്കുന്നതിനോ, അഥവാ തിരസ്ക്കരിച്ച് ആദാമിലൂടെ മനുഷ്യവർഗ്ഗത്തിന്മേൽ വന്നു വീണ ഇഹകാല ഹൃസ്വജീവിതത്തിലും നിത്യമായ നരകത്തിലും ഘോരശിക്ഷയ്ക്ക് പാ

ശേഷം പേജ് **10**ൽ

# സുവിശേഷത്തിന്റെ ദൈവീക ഉത്ഭവം



**പാ. റ്റി.വി. പോത്തൻ**

'സഹോദരന്മാരേ, ഞാൻ അറിയിച്ച സുവിശേഷം മാനുഷികമല്ല എന്നു നിങ്ങളെ ഓർപ്പിക്കുന്നു. അതു ഞാൻ മനുഷ്യരോടു പ്രാപിച്ചിട്ടില്ല പഠിച്ചിട്ടുമില്ല. യേശുക്രിസ്തുവിന്റെ വെളിപ്പാടിനാൽ അത്രേപ്രാപിച്ചത്' (ഗലാ.1:11,12). ഗലാത്യവിശ്വാസികളെക്കുറിച്ച് പൗലോസിനു ലഭിച്ച അമ്പരപ്പിക്കുന്ന റിപ്പോർട്ടാണ് തന്നെ ഗലാത്യ ലേഖനം എഴുതുന്നതിന് പ്രേരിപ്പിച്ചത്. യേശുക്രിസ്തുവിനും, ക്രിസ്തുവിൽ വിശ്വസിച്ചവർക്കും എതിരായി സംഹാരതാണ്ഡവം അഴിച്ചുവിട്ടുകൊണ്ട് മുന്നേറിയ യെഹൂദ മതഭ്രാന്തനായ ശൗലിന് ഉയിർത്തെഴുന്നേറ്റ കർത്താവായ യേശുക്രിസ്തുവിന്റെ ദർശനം ലഭിക്കുകയും ആയത് അവനെ പൗലൊസാക്കി മാറ്റുകയും ചെയ്തു. ഈ സംഭവത്തിന് ശേഷം പൗലൊസ് ഏകദേശം നീണ്ട മൂന്നുവർഷം പ്രാർത്ഥനയിലും ദൈവസാന്നിധ്യത്തിലും അറേബ്യൻ മരുഭൂമിയിൽ കഴിച്ചുകൂട്ടി (ഗലാ.1:17,18). അങ്ങനെ കർത്താവായ യേശുക്രിസ്തുവിൽ നിന്ന് പൗലോസിന് നേരിട്ടു ലഭിച്ച സുവിശേഷം താൻ അന്നറിയപ്പെട്ടലോകം മുഴുവൻ ജാതി, മത, സ്ഥല, വർണ്ണ വ്യത്യാസമെന്യേ അറിയിക്കുകയും കർത്താവിന്റെ സഭ എല്ലായിടത്തും സ്ഥാപിക്കുകയും ചെയ്തു. ക്രിസ്തുവിലുള്ള വിശ്വാസത്താലാണ് നീതീകരണം എന്ന് ക്രിസ്തുവിൽ നിന്നും നേരിട്ടു മനസ്സിലാക്കിയ പൗലൊസ് എല്ലായിടത്തും അങ്ങനെ പഠിപ്പിച്ചു. എന്നാൽ ഗലാത്യയിൽ പൗലോസിലൂടെ രൂപം കൊണ്ട സഭകളിൽ അദ്ദേഹം മറ്റുസ്ഥലങ്ങളിൽ സുവിശേഷ ഘോഷണത്തിൽ ആയിരുന്ന സമയത്ത്, യെരുശലേമിൽ നിന്നും വന്ന യെഹൂദ ക്രിസ്ത്യാനികൾ ക്രിസ്തുവിലൂടെയുള്ള വിശ്വാസംകൊണ്ടു മാത്രം ദൈവത്തിൽ നിന്നും നീതീകരണവും രക്ഷയും പ്രാപിപ്പാൻ സാദ്ധ്യമല്ലായെന്നും യെഹൂദന്റെ പാരമ്പര്യങ്ങളായ പരിച്ഛേദനയും മറ്റു ന്യായപ്രമാണത്തിന്റെ ക്രീയകളും കൂടെ അനുസരിക്കണമെന്ന് പഠിപ്പിച്ചു. ദൈവീക വെളിപ്പാടിനോട് മാനുഷിക കൂട്ടിച്ചേർക്കലിനെ പരിശുദ്ധാത്മ നിറവിൽ പൗലോസ് ശക്തമായി നിഷേധിച്ചു. യേശു തന്നെ വെളിപ്പെടുത്തിയ സുവിശേഷത്തിൽ നിലനില്ക്കുന്നതിനും ആയതിലേക്ക് വിശ്വാസികളുടെ ശ്രദ്ധയെ തിരിക്കുന്നതിനും പൗലൊസ് ഗലാത്യ ലേഖനത്തിന്റെ രചന നടത്തുന്നതിന് കാരണമായി.

സുവിശേഷം മാനുഷമല്ല, സുവിശേഷത്തിന്റെ സ്വഭാവവും അധികാരവും മനുഷ്യനിൽ അല്ല നിക്ഷിപ്തമായിരിക്കുന്നത്; ഇതു മനുഷ്യൻ കണ്ടുപിടിച്ചതുമല്ല. താൻ പ്രാപിച്ച സുവിശേഷം ഏതെങ്കിലും പുസ്തകത്തിൽ നിന്നു വായിച്ചു പഠിച്ചതോ, മനുഷ്യരുടെ അടുക്കൽ ഇരുന്ന് കേട്ടു പഠിച്ചതോ അല്ല എന്ന് പൗലോസ് വ്യക്തമാക്കുന്നു. പിന്നെയോ, കർത്താവായ യേശുക്രിസ്തു തനിക്ക് നേരിട്ട് വെളിപ്പെടുത്തി കൊടുത്തതാണ് സുവിശേഷം.

ഉയിർത്തെഴുന്നേറ്റ കർത്താവായ യേശുക്രിസ്തുവിന്റെ സാക്ഷ്യം ആത്മനിറവിൽ യരുശലേം നഗരത്തിൽ വഹിച്ച സ്തേഫാനോസിനെ കല്ലെറിഞ്ഞു കൊന്നവരുടെ വസ്ത്രം കാത്തുകൊണ്ടിരുന്ന ശൗൽ, ഏറുകൊണ്ട് മരണത്തെ പൂകുന്നതിനു മുമ്പ്, സ്തേഫാനോസിന്റെ ദൈവത്തോട് 'അവർക്ക് ഈ പാപം നിർത്തരുതേ' എന്ന പ്രാർത്ഥന ശൗൽ ശ്രവിച്ചു. സ്തേഫാനോസിന്റെ ഈ പ്രാർത്ഥന ശൗലിന്റെ ഹൃദയത്തിൽ മണി നാദം പോലെ മുഴങ്ങികൊണ്ടി

രുന്നു. അ.പ്ര.26:14 ൽ കാണുന്ന 'ഉതെയ്ക്കൽ' (pricking of mind) ഒരു പക്ഷെ ശൗലിന്റെ മനഃസാക്ഷിയിലുണ്ടായ കുത്തായിരിക്കാം. ഒടുവിൽ യെരുശലേമിൽ നിന്ന് വളരെ അകലെ ദമസ്കോസിൽ വെച്ച് കർത്താവ് അവനെ പിടിച്ചു. യെരുശലേമിന് സമീപത്തുവെച്ചായിരുന്നു ഈ സംഭവം നടന്നതെങ്കിൽ 'യെരുശലേമിലെ അപ്പോസ്തലന്മാർ ശൗലിനെ സുവിശേഷം പറയാൻ പഠിപ്പിച്ചു' എന്ന് ആളുകൾ പറയുമായിരുന്നു. അപ്പോസ്തലന്മാർ ആരും തന്നെ ഇല്ലാതിരുന്ന ദമസ്ക്കോസിൽ വെച്ച് ശൗൽ കർത്താവായ യേശുക്രിസ്തുവിനാൽ പിടിക്കപ്പെട്ടു. പിന്നീട് മൂന്നു വർഷം കഴിഞ്ഞാണ് താൻ യെരുശലേമിൽ പോയത് (ഗലാ.1:18).

'ഞാൻ ദൈവത്തിന്റെ സഭയെ അത്യന്തം ഉപദ്രവിച്ചു മുടിക്കയും എന്റെ പിതൃപാരമ്പര്യത്തെക്കുറിച്ച് അത്യന്തം എരിവേറി എന്റെ സ്വജനത്തിൽ സമപ്രായക്കാരായ പലരെക്കാളും യെഹൂദമതത്തിൽ അധികം മുതിരുകയും ചെയ്തുപോന്നു. എങ്കിലും എന്റെ ജനനം മുതൽ എന്നെ വേർതിരിച്ചു തന്റെ കൃപയാൽ വിളിച്ചിരിക്കുന്ന ദൈവം തന്റെ പുത്രനെക്കുറിച്ചുള്ള സുവിശേഷം ഞാൻ ജാതികളുടെ ഇടയിൽ അറിയിക്കേണ്ടതിന് അവനെ (ക്രിസ്തുവിനെ) എന്നിൽ വെളിപ്പെടുത്തുവാൻ പ്രസാദിച്ചപ്പോൾ ഞാൻ മാംസരക്തങ്ങളോട് ആലോചിക്കയോ എനിക്കു മുമ്പേ അപ്പോസ്തലന്മാരായവരുടെ അടുക്കൽ യെരുശലേമിലേക്കു പോകയോ ചെയ്യാതെ നേരെ അറബിയിലേക്കു പോകയും ദമസ്കോസിലേക്കു മടങ്ങിപ്പോരുകയും ചെയ്തു' (ഗലാ.1:13-17) ലോകത്തിന്റെ ഏകരക്ഷകനായ യേശുക്രിസ്തു സ്വർഗ്ഗം തുറന്ന് പൗലോസിന് പ്രത്യക്ഷപ്പെട്ട്, തന്നോട് സംസാരിച്ച് ജാതികളുടെ ഇടയിലെ സുവിശേഷ ഘോഷണം തന്നെ ഭരമേൽപ്പിച്ചപ്പോൾ താൻ മാംസരക്തങ്ങളോടോ, യെറുശലേമിലെ അപ്പോസ്തലന്മാരോടോ മറ്റാരോടും തന്നെ ആലോചന ചോദിച്ചില്ല എന്നത് ഇവിടെ വരച്ചുകാണിക്കുന്നു. മാംസരക്തങ്ങൾ ബലഹീനതകൾ ഉള്ളവരാണ് (1 കൊരി.15:50); ആയത് മനുഷ്യന്റെ ബലഹീനതയേയും പരിമിതിയേയും കാണിക്കുന്നു (മത്താ.16:17). അങ്ങനെയുള്ളവരോടും, തന്റെ ബന്ധുമിത്രാദികളോടുപോലും പൗലോസ് ആലോചനപ്രാപിക്കാതെ യേശു തന്നെ നേരിട്ടു ഭരമേൽപ്പിച്ചതായ സുവിശേഷം ലോകത്തോട് അറിയിക്കുന്നതിനും ആയത് വരും തലമുറകൾക്കായി രേഖപ്പെടുത്തിവെയ്ക്കുന്നതിനും ദൈവം പൗലോസിനെ പരിശുദ്ധാത്മ നിറവിൽ ഉപയോഗിക്കുകയുണ്ടായി.

'എന്നാൽ കേഫാവു (പത്രോസ്) അന്ത്യൊക്യയിൽ വന്നാറെ അവനിൽ കുറ്റം കാണുകയാൽ ഞാൻ അഭിമുഖമായി അവനോടു എതിർത്തു നിന്നു. യാക്കോബിന്റെ അടുക്കൽ നിന്നു ചിലർ വരും മുമ്പേ അവൻ ജാതികളോടുകൂടെ തിന്നുപോന്നു; അവർ വന്നപ്പോഴോ അവൻ പരിച്ഛേദനക്കാരെ ഭയപ്പെട്ടു പിൻവാങ്ങി പിരിഞ്ഞു നിന്നു'(ഗലാ.2:11,12). പത്രൊസ് അന്ത്യോക്യയിൽ വന്ന ആദ്യസമയം ജാതീയ വിശ്വാസികളോടു കൂടെ സ്നേഹഭോജനം കഴിക്കുകയും ജാതീയനും യെഹൂദനും തമ്മിലുള്ള വേർപാടിന്റെ നടുച്ചുവർ ഇടിഞ്ഞുപോയി എന്നു പ്രസംഗിക്കുകയും ചെയ്തു. എന്നാൽ യെരുശലേമിൽ നിന്ന് ചില യെഹൂദക്രിസ്ത്യാനികൾ വന്നപ്പോൾ പത്രൊസ് അവരെ ഭയപ്പെട്ട് (പരിച്ഛേദനക്കാരായ യെഹൂദന്മാർ ജാതികളുമായി ഭക്ഷിക്കുന്നതും അടുത്തിടപെടുന്നതും വെറുത്തിരുന്നു) ജാതികളിൽ നിന്നും വിശ്വാസത്തിലേക്ക് വന്നവരുമായി അടുത്തിടപെടുന്നതിൽ നിന്നും മാറി നിന്നു. സംസ്കാരവും പാരമ്പര്യവും സുവിശേഷവും തമ്മിൽ പൊരുത്തപ്പെടാൻ വിഷമമുണ്ട്. പ്രാഥമികവും അപ്രധാനവുമായ പ്രശ്നങ്ങൾ തമ്മിൽ വ്യവച്ഛേദിക്കുന്നതിൽ പത്രോസ് പരാജയപ്പെട്ടു. ന്യായപ്രമാണം മനുഷ്യനെ നീതികരിക്കുന്നില്ല മറിച്ച്, അവനെ കുറ്റക്കാരനാക്കുകയേയുള്ളു (റോമ.3:20). ആദാമിൽ പാപത്തിലും ദൈവശിക്ഷിക്കയിലും അക

ശേഷം പേജ് 10-ൽ

# ക്രൂശിന്റെ ഇടർച്ച

**പാ. വി. എസ്സ്. വറുഗീസ്**



'സഹോദരന്മാരേ, ഞാൻ ഇപ്പോഴും പരിച്ഛേദന പ്രസംഗിക്കുന്നു എന്നുവരികിൽ ഇനിയും ഉപദ്രവം സഹിക്കുന്നത് എന്ത്'? (ഗലാ.5:11). മനുഷ്യൻ പാപിയാണെന്നും തന്നെത്താൻ രക്ഷിപ്പാൻ അപ്രാപ്തനാണെന്നും സമ്മതിക്കുവാൻ മുനുഷ്യനെ അവന്റെ ഉന്നതഭാവം അനുവദിക്കുന്നില്ല. മനുഷ്യന്റെ പൊതുവേയുള്ള തെറ്റായ നിഗമനം അവൻ അടിസ്ഥാനപരമായി മോശമല്ലാത്തവനാണെന്നാണ്. എന്നാൽ തന്നിലുള്ള ബലഹീനതകളെ പരിഹരിക്കുന്നതിന് ദാന, ധർമ്മ, കർമ്മാദികളിൽ അവൻ ആശ്രയിക്കുന്നു. 'ഞങ്ങൾ എല്ലാവരും അശുദ്ധനെപ്പോലെ ആയിതീർന്നു, ഞങ്ങളുടെ നീതിപ്രവർത്തികൾ ഒക്കെയും കറപുരണ്ട തുണിപോലെ, ഞങ്ങൾ എല്ലാവരും ഇലപോലെ വാടിപ്പോകുന്നു, ഞങ്ങളുടെ അകൃത്യങ്ങൾ ഞങ്ങളെ കാറ്റുപോലെ പറപ്പിച്ചു കളയുന്നു' (യെശ.64:6) എന്ന മനുഷ്യവർഗ്ഗത്തിന്റെ ആദാമിൽ പാപത്തിൽ വീണു പോയ അവസ്ഥ അംഗീകരിക്കുവാൻ മനുഷ്യന്റെ അഹന്ത അവനെ അനുവദിക്കുന്നില്ല. മനുഷ്യന്റെ പാപപരിഹാര ബലിയായ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശു മരണത്തോട് താരതമ്യപ്പെടുന്നത് ബുദ്ധികേടും അപഹാസ്യവുമാണെന്നാണ് പ്രാകൃത മനുഷ്യന്റെ വിലയിരുത്തൽ. 'എല്ലാവരും നിങ്കൽ ഇടറിയാലും, ഞാൻ ഒരു നാളും ഇടറുകയില്ല' (മത്താ.26:33). എന്ന് പറഞ്ഞ പത്രോസ് ഉൾപ്പെടെയുള്ള ശിഷ്യന്മാർ പിന്നീട് ക്രിസ്തുവിങ്കൽ ഇടറിപോയതിന് കാരണം ക്രൂശിന്റെ ചകിതമായ അന്തരീക്ഷത്തിലേക്ക് അവർ കടന്നു വന്നതുകൊണ്ടാണ്. മരത്തിന്മേൽ തൂങ്ങുന്ന ഏവനും ശപിക്കപ്പെട്ടവൻ എന്നു തിരുവെഴുത്ത് പറയുന്നതുകൊണ്ട് അപമാനത്തോടെയല്ലാതെ ക്രൂശിനെ കാണുവാൻ ഒരു യഹൂദനും സാധിക്കുകയില്ല (അവ.21:22,23; ഗലാ.3:13).

യേശു ക്രിസ്തു ദൈവമായിരിക്കെ, തന്റെ മഹത്വം നിലനിർത്തേണം എന്നു കരുതാതെ, സ്വർഗ്ഗത്തിലുള്ള തന്റെ ഔന്നത്യങ്ങളെല്ലാം മാറ്റിവെച്ച്, പാപമൊഴികെ സകലത്തിലും മനുഷ്യനോട് സദൃശ്യനായി, ജഡമെടുത്ത്, മനുഷ്യന്റെ ശാപം ശിരസ്സാവഹിച്ചു. ആദാമിന്റെ ദൈവത്തോടുള്ള അനുസരണക്കേടു നിമിത്തം അവന്റെ മേൽ വന്ന സകല ദൈവീക ശിക്ഷാവിധിയും മരണവും നരകവും സകല മനുഷ്യരുടെയും ജന്മാവകാശമായി തീർന്നു. ഈ അവസ്ഥയിൽ നിന്നും മനുഷ്യവർഗ്ഗത്തെ വിടുവിച്ച് അവരെ ദൈവമക്കളും, സ്വർഗ്ഗത്തിനും നിത്യജീവനും അവകാശികളാക്കി തീർക്കുന്നതിന് ദൈവം തന്നെ കൊടുത്ത വലിയ വിലയാണ് യേശുക്രിസ്തുവിന്റെ ക്രൂശീകരണവും, മരണവും, കല്ലറയിൽ അടക്കപ്പെടലും, മൂന്നാം ദിവസം ഇനിയും ഒരിക്കലും മരണമില്ലാത്ത പുനരുത്ഥാന ശരീരത്തോടെ ഉയിർത്തെഴുന്നേൽപ്പും, സ്വർഗ്ഗാരോഹണവും, ആസന്നഭാവിയിൽ ഈ ഭൂമിയെ നീതിയോടെ ഭരിക്കുന്നതിനുള്ള മടങ്ങിവരവുമെല്ലാം തന്നെ. അതുകൊണ്ട് നാം ഇനിയും ക്രിസ്തുവിന്റെ ക്രൂശിൽ ഇടറുകയല്ല, അതിൽ പ്രശംസിക്കുകയും, ക്രൂശിന്റെ സാക്ഷ്യം ലോകത്തോട് നമ്മുടെ അനുദിന ജീവിതത്തിൽ വഹിക്കുകയുമാണ് വേണ്ടത്.

ജാതികൾക്ക് ക്രൂശ് ഒരു ഇടർച്ചാവിഷയമാണ്.

കാരണം, അതവരുടെ ബുദ്ധിക്ക് നിരക്കാത്തതാണ്. ക്രൂശിലെ ശാപമല്ല, അതിലെ ലജ്ജയാണ് യവനന് വിഷയീഭവിക്കുന്നത്. യേശുക്രിസ്തു ക്രൂശിലെ അപമാനത്തെ അലക്ഷ്യമാക്കി, മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കായി ക്രൂശിനെ സഹിക്കുകയാണ് ചെയ്തത് (എബ്രാ.12:2). കർത്താവായ യേശുക്രിസ്തു ഈ ഭൂമിയിൽ ജഡാവതാരം എടുത്ത സമയത്ത് ലോകഭരണം കൈയ്യാടിയിരുന്ന റോമാ സാമ്രാജ്യം നിലവിൽ കൊണ്ടുവന്ന അതിഘോരമായ ശിക്ഷാവിധി ക്രമമാണ് ക്രൂശീകരണം. ഒരു റോമാപൗരൻ എത്ര നീചമായ നിയമലംഘനം നടത്തിയാൽ തന്നെയും ഏറ്റവും നീചമായ ക്രൂശുമരണം അവന് ഒരിക്കലും നൽകിയിരുന്നില്ല. റോമാപൗരനല്ലാത്ത, അധർമ്മികളിൽ അധർമ്മികൾക്ക് മാത്രമാണ് ക്രൂശ് മരണം നിർദ്ദേശിച്ചിരുന്നത്. യേശു നഗ്നനായി ക്രൂശിൽ പരസ്യമായി മരിച്ച് തൂങ്ങിക്കിടക്കുമ്പോഴുള്ള അപമാനവും ലജ്ജയും ചിന്തതീതമാണ്. സൃഷ്ടിതാവിന്റെ നഗ്നത മറെക്കുന്നതിന് സൂര്യൻ നട്ടുച്ചയ്ക്ക് ഇരുണ്ടു പോകുകയുണ്ടായി എന്ന് സത്യവേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ആധുനിക ശാസ്ത്രം സൂര്യന്റെ നിശ്ചലത്വങ്ങളെല്ലാം ചരിത്രത്തിൽ സംഭവിച്ചതിനെ, അതിന്റെ ദൈർഘ്യകൃത്യതയോടെ തെളിയിച്ചു കഴിഞ്ഞു. കർത്താവായ യേശുക്രിസ്തുവിന്റെ ഇഹലോകജഡവാസത്തിന്റെ സമയത്ത് തന്റെ സമകാലികനായിരുന്ന തർസ്സോസിലെ ശൗൽ ക്രൂശിൽ മരിച്ച യേശുവിനെ ദൈവദൂഷകനായി വീക്ഷിച്ചുകൊണ്ട്, വിശ്വാസികളെ പീഡിപ്പിക്കുകയും അവരെ തടവിലാക്കുകയും ചെയ്തു. എന്നാൽ ഉയിർത്തെഴുന്നേറ്റവനായ, തേജോമയനായ യേശുക്രിസ്തു അവന് പ്രത്യക്ഷനായി. ഈ സംഭവം അവനെ രൂപാന്തരപ്പെടുത്തുകയും പൗലോസ് തന്റെ തെറ്റുകളെ തിരിച്ചറിഞ്ഞ് യേശുവിന്റെ ക്രൂശിൽ പ്രശംസിക്കുവാൻ പഠിക്കുകയും ചെയ്തു.

ക്രൂശ് വാസ്തവത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവശക്തിയാണ് (1കൊരി.1:18,24).വിശ്വസിക്കുന്നവരായ നമുക്കുള്ള ശക്തിയുടെ അളവറ്റ വലിപ്പമാണത് (എഫെ.1:19). നിത്യനും, സർവ്വശക്തനും, സർവ്വജ്ഞാനിയും സർവ്വവ്യാപിയുമായ ദൈവത്തിന്റെ ജ്ഞാനമാണ് ക്രൂശ് (1കൊരി.1:23,24).

**ക്രൂശിന്റെ ഇടർച്ചവഹിക്കുക**

ഒരു വിശ്വാസിയുടെ രൂപാന്തരപ്പെടാത്ത ജഡത്തിന്റെയും, എന്നാൽ ക്രിസ്തുവിൽ പുതിയ സൃഷ്ടിയായി തീർന്ന പുതിയ പ്രകൃതത്തിന്റെയും പരസ്പര ആന്തരിക പോരാട്ടത്തിൽ നിന്ന് ഉരുത്തിരിയുന്നതാണ് ക്രൂശിന്റെ ഇടർച്ച. നമ്മുടെ ജഡത്തെയും സ്വയത്തെയും ക്രൂശിച്ച് ക്രൂശിനെ കൈക്കൊണ്ട് നാം നിന്ദ ചുമക്കുവാൻ തയ്യാറാകുമ്പോഴാണ് വിജയം ലഭ്യമാകുന്നത്. നമ്മുടെ വാഴ്ത്തപ്പെട്ട വീണ്ടെടുപ്പുകാരനായ കർത്താവായ യേശുക്രിസ്തുവിനു വേണ്ടി അനുദിനം നാം നിന്ദയുടെ പാടുകൾ വഹിക്കുന്നതിനെ അത് സൂചിപ്പിക്കുന്നു (ലൂക്കൊ.9:23).

ഒരു പക്ഷേ, നാം തെരുവിലൂടെ നടക്കുമ്പോഴായിരിക്കും പരസ്യയോഗം നടത്തുന്ന ഒരു സംഘത്തോട് ചേരുവാൻ പരിശുദ്ധാത്മാവ് നമ്മെ നിർബന്ധിക്കുന്നത്. അപ്പോൾ നമ്മുടെ സ്വയം പറയുകയാണ്: അത് ലജ്ജാകരമായ കാര്യമാണ്; നിങ്ങളുടെ അയൽക്കാർ കണ്ടാൽ ഞെട്ടും! ഈ സമൂഹത്തിൽ നിങ്ങൾ നിങ്ങളുടെ മാന്യത സൂക്ഷിക്കേണ്ടതാണ്! എന്നാൽ ഈ പരീക്ഷയെ നാം എതിർത്ത് തോൽപിക്കുകയും സാക്ഷ്യത്തിനായി ക്രിസ്തുവിന്റെ നാമത്തിൽ മുമ്പോട്ടു വരികയുമാണാവശ്യം. നമ്മുടെ സമർപ്പണത്തെ പരിശോധിച്ച്, പഴയ സ്വഭാവത്തെ അധികമധികമായി മരണത്തിനും അപമാനത്തിനുമായി ഏല്പിക്കുവാൻ ലഭിക്കുന്ന അവസരങ്ങൾ ക്രൂശിന്റെ ഇടർച്ചയെ കൈക്കൊള്ളാൻ നമ്മെ സഹായിക്കുന്ന അവസരങ്ങ

ശേഷം പേജ് 10ൽ

വേദപുസ്തക പംക്തി

# ചെറിയ പ്രവാചകരും വലിയ ദൗത്യവും

## ആമോസ് പ്രവാചകന്റെ പ്രസംഗം

### ഒബദ്യാവ്- സഹോദരദ്വേഷത്തിന്റെ ദുരന്തം

3. **ഏദോമിന്റെ നിഗളം.** ഏദോമിന്റെ അഹങ്കാരം മുഖ്യമായും രണ്ട് കാര്യങ്ങളിൽ അധിഷ്ഠിതമായിരുന്നു. അതിന്റെ തലസ്ഥാനനഗരമായ പെട്രാ അപ്രതിരോധ്യമായ ഒരു സങ്കേതമായിരുന്നു. സെയിർ പർവതനിരകളിൽ പാറകളാൽ നിറയപ്പെട്ട സുരക്ഷിത സ്ഥലമായി അതു നിലനിന്നു. ഇരുവശത്തും ഉയർന്ന പാറക്കെട്ടുകളുടെ ഇടയിലൂടെ നീങ്ങുന്ന ഇടുങ്ങിയ പാത മാത്രമേ അവിടെക്കുണ്ടായിരുന്നുള്ളു. അജയ്യവും ശത്രുക്കൾക്ക് അപ്രാപ്യവുമായ ഈ രാജധാനിയെക്കുറിച്ച് ഏദോമ്യർ നിഗളിച്ചിരുന്നു. നട്ടുച്ച സമയത്തുപോലും സൂര്യപ്രകാശം ഉള്ളിൽ കടക്കാതവണ്ണം ഇരുനൂറോളം അടി ഉയരത്തിൽ നിന്നിരുന്ന പാറക്കെട്ടുകളായിരുന്നു ഇടുങ്ങിയ വീഥിയെ മറച്ചിരുന്നത്. അതിന്റെ ഉള്ളിൽ അനേകം ശവകൂടിരങ്ങളും, ക്ഷേത്രസംവിധാനവും ഉണ്ടായിരുന്നു. മൂന്നും നാലും വാക്യങ്ങളിൽ അവരുടെ ഗർവത്തെ പ്രവാചകൻ പ്രകാശിപ്പിക്കുന്നു. 'പാറപ്പിളർപ്പുകളിൽ പാർക്കുന്നവനും, ഉന്നതവാസമുള്ളവനും, ആർ എന്നെ നിലത്തു തള്ളിയിടുമെന്ന് പറയുന്നവനുമായവനേ, നിന്റെ ഹൃദയത്തിന്റെ അഹങ്കാരം നിന്നെ ചതിച്ചിരിക്കുന്നു. നീ കഴുകനെപ്പോലെ ഉയർന്നാലും, നക്ഷത്രങ്ങളുടെ ഇടയിൽ കൂടുവെച്ചാലും ഞാൻ നിന്നെ ഇറക്കും എന്ന് യഹോവയുടെ അരുളപ്പാട്. കഴുകൻ മനുഷ്യന് അനഭിഗമ്യമായ ഉന്നതമായുള്ള പാറക്കെട്ടുകളിൽ കൂടുവെയ്ക്കുന്നു. ആരുടെയും ഉപദ്രവം അതിനുണ്ടാകുന്നില്ല, സുരക്ഷിതരാണ്. അതുപോലെ ഏദോമും ബലിഷ്ഠമായ ശിലദുർഗങ്ങൾ രക്ഷാകേന്ദ്രമാക്കിയിരുന്നു. എന്നാൽ ഇന്നു നാം പെട്രായിലേക്കു ചെല്ലുക. പ്രവാചകന്മാരുടെ വാക്കുകൾ അക്ഷരം പ്രതി നിറവേറിയിരിക്കുന്നതു കാണാം. ബാബിലോൺ നിനവെ, മുതലായ പട്ടണങ്ങളെപ്പോലെ പെട്രായും നശിച്ചു പോയ സംസ്ക്കാരത്തിന്റെ അസ്ഥിമാടങ്ങളായി നിലകൊള്ളുന്നു.

ഏദോമിന്റെ മറ്റൊരു കുറ്റമായി നിർദ്ദേശിക്കുന്നത്, വിജ്ഞാനപരമായ അവരുടെ ഗർവമാണ്. പാണ്ഡിത്യത്തിന്റെ ദുരഹങ്കാരം, അവരെ അധഃപ്പതിപ്പിക്കുമെന്ന് ചൂണ്ടിക്കാട്ടുന്നു. 'ഞാൻ ഏദോമിൽ നിന്നു ജ്ഞാനികളെയും ഏശാവിന്റെ പർവതത്തിൽ നിന്നു വിവേകികളേയും നശിപ്പിക്കും". തേമാനിലെ മഹാന്മാർ എന്നു വിളിക്കപ്പെടുന്നവർ ഉണ്ടായിരുന്നു. യോബിന്റെ മൂന്നു സ്നേഹിതന്മാരിൽ ഒരാൾ തേമാന്യനായ ഏലീഫസ് എന്നും നാം വായിക്കുന്നു. ആകാലങ്ങളിലെ പ്രസിദ്ധ പണ്ഡിതന്മാരിൽ ഒരാളായിരുന്നു എലീഫസ്. പാണ്ഡിത്യം വിനയ മധുരമാകേണം. ഉൽക്കടമായ ഗർവ് നിരുദ്ധാരകമായ നാശം വരുത്തും.

**ഏദോം യിസ്രായേലിനോടു കാട്ടിയ ക്രൂരത.** ഏദോമിന്റെ അഹങ്കാരം സഹോദരന്മാരായ യിസ്രായേലിനോട് ക്രൂരത കാട്ടാൻ പ്രേരകമായി തീർന്നു. പത്തു മുതൽ പതിനാലുവരെയുള്ള വാക്യങ്ങളിൽ ആ നിഷ്ഠൂര പ്രവർത്തനങ്ങളുടെ വിശദീകരണം കാണാം. 'നിന്റെ സഹോദരനായ യാക്കോബിനോടു നീ ചെയ്ത സാഹസം നിമിത്തം ലജ്ജ നിന്നെ മൂടും, സദാകാലത്തേക്കും ചോദിക്കപ്പെടും. എന്താണ് പ്രത്യേകമായി ഏദോം ചെയ്തത്? അന്യദേ

ശേഷം പേജ് 16-ൽ

തുടർച്ച പേജ് 4- ൽ നിന്നും

ത്രീഭൂതരായി തീരുന്നതിനോ, ഏതു വേണമെങ്കിലും തിരഞ്ഞെടുക്കുന്നതിനുള്ള സ്വാതന്ത്ര്യം ഇന്ന് നൽകിയിരിക്കുന്നു. ഈ സ്വാതന്ത്ര്യം ഉപയോഗിക്കുന്നതിന് ദൈവം നൽകിയിരിക്കുന്നതായ സമയം ഒന്നുകിൽ നമ്മുടെ മരണത്തോടെ അല്ലെങ്കിൽ യേശുക്രിസ്തുവിന്റെ ഏതു സമയത്തും നടക്കാവുന്ന മടങ്ങിവരവോടെ, അവസാനിക്കുന്നു. ഇന്ന് ദൈവം നമുക്കായി ഒരുക്കിയിരിക്കുന്ന കൃപായുഗത്തിൽ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നതിനും ദൈവമക്കളായി തീരുന്നതിനും ഏവർക്കും ഇടയാകട്ടെ. *

തുടർച്ച പേജ് 8- ൽ നിന്നും

ളാണ്. ദൈവഹിതപ്രകാരം സംജാതമാകുന്ന സാഹചര്യങ്ങൾ പഴയ സ്വഭാവത്തിനു വിരോധമായ താല്പര്യങ്ങൾ നമ്മിൽ ഉയർത്തിക്കൊണ്ടു വരും. അങ്ങനെ നാൾതോറും മരിക്കുവാനുള്ള അവസരം നമുക്കുണ്ടാവും. ഇവയിൽ ചിലത് സാധാരണയായി സംഭവിക്കുന്ന അമിതമായ ജോലിഭാരമോ, അല്ലെങ്കിൽ അപ്രതീക്ഷമായ തടസ്സങ്ങളോ, അസ്വീകാര്യമായ എതിർപ്പുകളോ ഒക്കെയാകാം. 'കർത്താവേ, മറ്റെന്തുമായിക്കൊള്ളട്ടെ; ഇതരുതേ' എന്ന് കർത്താവിനോട് അപേക്ഷിക്കേണ്ടി വന്ന ഏതെങ്കിലും സന്ദർഭങ്ങൾ നിങ്ങളുടെ ജീവിതത്തിൽ ഉണ്ടായിട്ടുണ്ടോ? ക്രിസ്തുവിന്റെ ക്രൂശിന്റെ ഇടർച്ച അതിന്റെ ആഴമേറിയ അർത്ഥത്തിൽ ഗ്രഹിക്കുവാൻ നിങ്ങൾക്ക് ലഭിക്കുന്ന അവസരമാണത്. ക്രൂശിന്റെ ഇടർച്ചയെ നമ്മുടെ അനുദിന ജീവിതത്തിൽ ഇല്ലാതാക്കുവാൻ ശ്രമിക്കുന്നത് മൗഢ്യമാണ്. ക്രൂശിന്റെ അപമാനം സഹിക്കുവാൻ ദൈവത്തിന്റെ കൃപ നമ്മെ അധികമായി സഹായിക്കുന്നു. സന്തോഷത്തോടെ അത് കൈക്കൊണ്ട് നന്ദിയോടെ കർത്താവിനെ സേവിക്കുന്നതിന് ഏവർക്കും ഇടയാകട്ടെ.

തുടർച്ച പേജ് 6-ൽ നിന്നും

പ്പെട്ട മനുഷ്യന് ദൈവസന്നിധിയിൽ നീതികരണം പ്രാപിക്കുന്നതിനുള്ള ഏകമാർഗ്ഗം ക്രിസ്തു യേശുവിലുള്ള വിശ്വാസത്താൽ മാത്രമാണ് ലഭ്യമായി തീരുന്നത് (റോമ.3:21-24; 5:1). പൗലോസ് എന്ന ആഗ്രഗാമിയായ മിഷനറി രക്ഷക്കുള്ള ഏറ്റം സംഗതമായ വ്യാഖ്യാനമായി കാണുന്നത് വിശ്വാസത്താലുള്ള നീതീകരണമാണ്. ന്യായപ്രമാണത്താൽ ബന്ധിതരായിരിക്കുന്ന യെഹൂദന്മാരും, ബഹുദൈവവിശ്വാസം കൊണ്ടും മതപരമായ നിഗൂഢ ആരാധനാ സമ്പ്രദായംകൊണ്ടും അടിമത്തമനുഭവിക്കുന്ന വിജാതിയരുടെയും ആവശ്യം മനസ്സിലാക്കിയാണ് വിശ്വാസത്താലൂള്ള നീതീകരണം എന്ന വിഷയം ഗലാത്യ ലേഖനത്തിലൂടെ ദൈവവചനത്തിൽ പരിശുദ്ധാത്മാവ് രേഖപ്പെടുത്തിയിരിക്കുന്നത്. വിശ്വാസത്താലുള്ള നീതീകരണത്തിലൂടെ നിസ്തുലനായ ഒരു രക്ഷിതാവിനെ ചൂണ്ടിക്കാണിക്കുന്നു. പൗലോസിന്റെ ഈ ശാക്തീകരണം 16-ാം നൂറ്റാണ്ടിൽ സഭയുടെ നവീകരണത്തിന് കാരണമായ, സമൂലമാറ്റങ്ങൾക്കും ദൈവചനത്തിലേക്കുള്ള മടങ്ങിവരവിനും വേണ്ടി പ്രവർത്തിക്കുന്നതിന് മാർട്ടിൻ ലൂഥറെനെയിച്ചു. ദൈവവചനത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന സുവിശേഷ സത്യങ്ങളിലേക്കു മടങ്ങി വരുന്നതിന് ഏവർക്കും ഇടയാകട്ടെ.

കർത്താവിന്റെ കാഹളശബ്ദം വരെ
വചനമാകുന്ന വിത്ത് വിതയ്ക്കുന്ന
ഒരു ശുശ്രൂഷയാണ് സുവാർത്താ ദൂതൻ
മാസികാ പ്രവർത്തനം.
പ്രാർത്ഥിക്കുക, പങ്കാളികളാകുക

THE EDITOR
SUVARTHA DHODAN
MALLAPPALLY W.P.O. - 689 585

# ക്രിസ്തുവിനെ ഏറ്റുപറയുക

**ഇവാ. സി. ജെ. സഖറിയ**

'മനുഷ്യരുടെ മുമ്പാകെ എന്നെ ഏറ്റുപറയുന്ന ഏവനേയും സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ മുമ്പിൽ ഞാനും ഏറ്റു പറയും. മനുഷ്യരുടെ മുമ്പാകെ എന്നെ തള്ളിപ്പറയുന്നവനെയോ എന്റെ പിതാവിന്റെ മുമ്പാകെ ഞാനും തള്ളിപ്പറയും' (മത്താ.10:32,33). മനുഷ്യവർഗ്ഗത്തിന്റെ രക്ഷയുടെ ഭാഗങ്ങളാണ് ക്രിസ്തുവിനെ ഹൃദയത്തിൽ രക്ഷിതാവായി സ്വീകരിക്കുകയും, യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറയുകയും ചെയ്യുക എന്നത്. 'യേശുവിനെ കർത്താവെന്ന് പരസ്യമായി ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർത്തെഴുന്നേൽപ്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും' (റോമ10:9). യേശുവിനെ പരസ്യമായി രക്ഷകനെന്ന് ഏറ്റു പറയാതെ ഒരു രഹസ്യ വിശ്വാസിയായിരിക്കുന്നത് അസാദ്ധ്യമാണ്. യേശുക്രിസ്തുവിന്റെ പരസ്യ ശുശ്രൂഷവേളയിൽ അരിമത്ഥ്യയിലെ യോസേഫ് ക്രിസ്തുവിന്റെ രഹസ്യ ശിഷ്യനായിരുന്നു. എന്നാൽ ക്രിസ്തുവിന്റെ ക്രൂശീകരണത്തിനു ശേഷം തന്റെ മൃതശരീരം ഏറ്റുവാങ്ങുന്നതിനായി ഈ യോസേഫ് രംഗത്തെത്തിയപ്പോൾ, അവൻ പരസ്യമായി യേശുവിനെ ഏറ്റുപറയേണ്ടിവന്നു. യേശുവിനോടു കൂടെ ക്രൂശിക്കപ്പെട്ട കള്ളന്മാരിൽ ഒരുവന് പാപബോധം ഉണ്ടാകുകയും യേശുവിനെ കർത്താവെന്ന് തന്റെ അധരങ്ങൾകൊണ്ട് ഏറ്റു പറയുകയും ചെയ്തു. 'യേശുവേ, നീ രാജത്വം പ്രാപിച്ചുവരുമ്പോൾ എന്നെയും ഓർത്തുകൊള്ളേണം' (ലൂക്കോ.23:42). 'പരിശുദ്ധാത്മാവിൽ അല്ലാതെ യേശുവിനെ കർത്താവ് എന്ന് ഏറ്റു പറയുവാൻ ആർക്കും കഴിയുകയില്ല' (1കൊരി. 12:3).

**ക്രിസ്തുവിനെ പരസ്യമായി ഏറ്റുപറയുന്നതിന്റെ അവശ്യകത**

1. ക്രിസ്തു അങ്ങനെ നമ്മോട് കല്പിച്ചിരിക്കുന്നു (മത്താ.10:32,33).

2. നമ്മുടെ സ്വന്തം ജീവിതത്തിന്റെ ശക്തിക്കും സഹായത്തിനും ആയത് ആവശ്യമാണ്. കർത്താവിനെ ഏറ്റുപറയുമ്പോൾ ഉണ്ടാകുന്ന വലിയ അനുഗ്രഹം നമ്മുടെ സ്വന്തം ഹൃദയത്തിൽ ഉണ്ടാകുന്ന സന്തോഷമാണ്. അത് നമ്മുടെ വിശ്വാസത്തെ വർദ്ധിപ്പിക്കുകയും അവനു വേണ്ടി പ്രയോജനപ്പെടുവാൻ നമ്മെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. സാക്ഷ്യം വഹിക്കുന്ന വിശ്വാസിക്ക് അതിൽ നിന്ന് പിൻമാറാൻ സാധിക്കുകയില്ല. ക്രിസ്തുവിനെ പരസ്യമായി ഏറ്റു പറയുവാൻ കഴിയാത്തതുകൊണ്ട് പിന്മാറ്റക്കാരായി ഭവിച്ച അനേകരുണ്ട്.

3. ക്രിസ്തുവിനോടുള്ള ഏറ്റുപറച്ചിൽ പല പ്രശ്നങ്ങളെയും ദൂരീകരിക്കുന്നു. തൻ നിമിത്തം നിങ്ങൾ ആരാണെന്നും എന്തിനുവേണ്ടിയാണ് നിങ്ങൾ നിൽക്കുന്നതെന്നും മറ്റുള്ളവർ അറിയുന്നതിനും നിങ്ങളെ ബഹുമാനിക്കുന്നതിനും ഇടയാകും. ഭയക്കുന്നവനും ബലഹീനനും രഹസ്യത്തിൽ ജീവിക്കുന്നവനുമായ ഒരു വിശ്വാസിയെ ലോകം പുച്ഛിക്കുന്നു. കർത്താവിനെ ഏറ്റുപറയുന്നതോടെ ലൗകികമായ വിനോദസ്ഥാനങ്ങൾക്കുള്ള പരീക്ഷ തടസ്സപ്പെടുന്നു. സഭാ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള വിളി വർദ്ധിക്കുന്നു. അങ്ങനെ നിങ്ങൾ ക്രിസ്തുവിനാൽ വിളിച്ചു വേർതിരിക്കപ്പെട്ടവരുടെ ഗണത്തോടുകൂടെ ചേരുന്നതിന് ഇടയാകുന്നു.

4. ഒരു വലിയ രക്ഷകനാൽ നാം രക്ഷപ്രാപിച്ചു. ഈ സദ്വർത്തമാനം നിശ്ചയമായും നാം എല്ലാവരോടും പറയേണ്ടതാണ്. ഒരു പക്ഷേ ഏറ്റവും പ്രയാസപ്പെട്ടതും എന്നാൽ അത്യന്താപേക്ഷിതവുമായ കാര്യം നമ്മുടെ സാക്ഷ്യം സ്നേഹിതരോടും, ബന്ധുക്കളോടും, അപരിചിതരോടും പറയുക എന്നുള്ളതാണ്.

**എപ്പോഴൊക്കെ കർത്താവിനെ ഏറ്റു പറയേണം?**

നിരന്തരമായി നാം ചെയ്യേണ്ട കാര്യമാണ് കർത്താവിനെക്കുറിച്ച് മറ്റുള്ളവരോട് സാക്ഷിക്കുക എന്നത്. ഏറ്റുപറച്ചിലില്ലാത്ത ക്രിസ്തീയ ജീവിതം അരാജകത്വം അനുഭവിച്ച് മരണം വരിക്കും. 'ഞാൻ ഇനി അവനെ ഓർക്കുകയില്ല. അവന്റെ നാമത്തിൽ സംസാരിക്കുകയുമില്ല എന്നു പറഞ്ഞാലോ, അത് എന്റെ അസ്ഥികളിൽ അടെക്കപ്പെട്ടിട്ട് എന്റെ ഹൃദയത്തിൽ തീ കത്തുംപോലെ ഇരിക്കുന്നു. ഞാൻ സഹിച്ചു തളർന്നു, എനിക്ക് പറയാൻ വഹിയാതെ ആയി' (യിരെ.20:9). തന്റെ സാക്ഷ്യത്തെ മറ്റുള്ളവരോട് പങ്കുവെക്കാതെ തന്നിൽ തന്നെ പരിമിതപ്പെടുത്തുന്ന ഒരു സത്യവിശ്വാസിയുടെ അനുഭവമാണിത്. തീയെ ഒളിച്ചുവയ്ക്കുവാൻ സാധ്യമല്ല. അത് സ്വയം വെളിപ്പെട്ടേമതിയാകൂ. യേശുവിന്റെ രക്തത്താൽ തങ്ങളുടെ പാപങ്ങൾക്ക് കഴുകൽ പ്രാപിച്ച് ദൈവമക്കളായി തീർന്നവർ സ്വന്ത കുടുംബത്തിലും, അയൽ വാസികളോടും, ചുറ്റുമുള്ള പ്രദേശങ്ങളിലും ഭൂമിയുടെ അറ്റത്തോളം ഏകരക്ഷകനായ യേശുക്രിസ്തുവിന്റെ സാക്ഷീകളായി തീരേണ്ടതാണ്. 'എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരുശലേമിലും, യഹൂദ്യയിലും, ഭൂമിയുടെ അറ്റത്തോളം എന്റെ (യേശുവിന്റെ) സാക്ഷികൾ ആകും' (അ.പ്ര. 1:8). യേശുവിന്റെ ശിഷ്യന്മാർ എല്ലാവരോടും തങ്ങളുടെ സാക്ഷ്യം പറയണമായിരുന്നു: ഒന്നാമത്, യെറുശലേമിൽ – അത് അവരുടെ സ്വന്ത പട്ടണം. രണ്ടാമത്, യെഹൂദ്യ-അവരുടെ സ്വന്തരാജ്യം, മൂന്നാമത്, ശമര്യ- അത് അവരുടെ അയൽ രാജ്യം. ആയതിനുശേഷം ലോകം മുഴുവൻ സകലജാതികളോടും ക്രിസ്തുവിലൂടെ മാത്രം ലഭ്യമായ രക്ഷണ്യ സുവിശേഷം അറിയിക്കുന്നതിനായി യേശു തന്റെ ശിഷ്യന്മാരോട് ആവശ്യപ്പെട്ടു. യേശുവിന്റെ ശിഷ്യന്മാരും, പൗലൊസും അവരാൽ വിശ്വാസത്തിലേക്കു വന്നവരും ഒന്നാം നൂറ്റാണ്ടിൽ തന്നെ അന്നറിയപ്പെട്ട ലോകമെമ്പാടും യേശുവിന്റെ സുവിശേഷം അറിയിക്കുകയും സഭകൾ സ്ഥാപിക്കുകയും ചെയ്തു. ഇന്ന് നാം ആയിരിക്കുന്ന തലമുറയിൽ യേശുക്രിസ്തുവിന്റെ മടങ്ങി വരവ് ഏറ്റവും ആസന്നമായിരിക്കുന്നു. ഇന്നത്തെ ലോകത്തോട് സുവിശേഷം അറിയിക്കുക എന്നത് നമ്മുടെ കർത്തവ്യമാണ്. യേശുവിനെ സാക്ഷിക്കുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത് നാം അനുഭവിച്ചതും അറിയുന്നതുമായ യേശുവിനെക്കുറിച്ചുള്ള യഥാർത്ഥ വസ്തുത പറയുകയാണ്. സാക്ഷി പറയുന്ന വ്യക്തിക്കുള്ള അറിവ് ക്രിയാത്മകവും, നിശ്ചയവും, വ്യക്തിപരവുമായിരിക്കേണം. ആയതു കേട്ടുകേൾവിയോ, നമ്മുടെ നിഗമനങ്ങളോ ആയിരിക്കുവാൻ പാടില്ല. ഒരുവന്റെ ജീവിതത്തെ ആകമാനമായി സ്പർശിച്ചതും, രൂപാന്തരപ്പെടുത്തിയതും, പുതുജീവനും, പുതുശക്തിയും ക്രിസ്തുവിലൂടെ ലഭ്യമായതും നിത്യജീവിന്റെ ഓഹരിക്കാരായി തീർന്നതിന്റെയും തനി വെളിപ്പെടുത്തലാണ് നമ്മുടെ സാക്ഷ്യത്തിലൂടെ നടമാടുന്നത്. ദൈവത്തിന്റെ അത്യന്തശക്തിയായ പരിശുദ്ധാത്മാവാണ് ക്രിസ്തുവിന്റെ സാക്ഷ്യം വഹിക്കുന്നതിന് നമ്മെ ഉത്തേജിപ്പിക്കുന്നതും ഒരുക്കുന്നതും ശക്തീകരിക്കുന്നതും.

**ക്രിസ്തുവിനെ ഏറ്റുപറയുന്നതിനുള്ള തടസ്സങ്ങൾ**

തിരുവെഴുത്തിലെ വ്യ

ശേഷം പേജ് 16-ൽ

# Galatians

The book of Romans is Paul's masterpiece on the study of grace, but the book of Galatians is his strongest teaching on the subject. Paul takes off the gloves and gets brutal in his teaching about the grace of God. I believe that a study on the grace of God from the book of Galatians combined with the teaching from Romans could be a one-two punch that knocks out condemnation in your life. Praise the Lord!

Paul wasted no time making his point in his letter to the Galatian Christians. In chapter 1, verse 6, Paul said, "I marvel that ye are so soon removed from him that called you into the grace of Christ unto another gospel." Paul used the terms "Gospel" and "grace" interchangeably. The heart of the Gospel is grace. Any deviation from that is a perversion of the Gospel.

The Galatian Christians hadn't renounced Jesus as being their Messiah, but legalistic Jews had convinced them that they couldn't be right with God by believing in only what Jesus had done. They were being told they also had to keep the Old Testament Law in order for God to accept them. The same lie is being propagated today, except now it's said we have to be holy. We have to be holy, or the Lord won't accept us or answer our prayers, etc. That's not the Gospel.

In Paul's day, the issue was circumcision. Today, the same legalistic message is being preached using things like prayer, Bible study, church attendance, and other actions of holiness as necessary actions for God to love and accept us. Faith in what Christ did for us is enough. It is not what Jesus did for us plus our actions of holiness. Jesus plus anything equals nothing. Jesus plus nothing equals everything.

No one argues that we shouldn't pray, study the Word, go to church, etc., but any time it's proclaimed that God is angry with us if we fail to do these things, it's not the true Gospel. That type of teaching puts the burden of salvation on us and opens us to the condemnation of the devil. This is what Paul called a perversion of the Gospel in Galatians 1:7. Then in verse 8, Paul made one of the strongest statements he ever made,

*"But though we, or an angel from heaven, preach any other gospel unto you than that which we have preached unto you, let him be accursed."*

The Galatians must've been shocked! How could Paul say such a thing? He must not have meant what it looks like he meant. Therefore, just in case anyone missed it the first time, Paul repeats his radical statement:

*"As we said before, so say I now again, If any man preach any other gospel unto you than that ye have received, let him be accursed"*(verse 9).

In our politically correct world today, you don't hear many absolute statements like these. How could anyone be so sure of themself? Paul goes on to explain in the rest of the first chapter that he didn't get his revelation of the Gospel from any man but directly from God. That's why he was so adamant. There was no room for compromise in the Gospel.

In chapter 3, Paul calls the Galatians foolish for leaving the grace of Christ and going back to relating to God based on their performance. He also said they had been bewitched (Gal. 3:1). He reminds them how they had originally put

**Contd. on Page 17**

ജീവചരിത്രപംക്തി

# ചാൾസ് സ്പർജൻ



## അദ്ധ്യേതാവും അദ്ധ്യാപകനും

തന്റെ സുഹൃത്തുക്കളുടെ പ്രേരണയാൽ തന്റെ പതിനേഴാം വയസ്സിൽ ഒരു സ്കൂൾ സ്ഥാപിക്കുകയെന്ന സാഹസത്തിനും സ്പർജൻ മുതിരുകയുണ്ടായി. ഒരു പ്രാദേശിക പ്രസിദ്ധീകരണത്തിൽ പ്രത്യക്ഷപ്പെട്ട ഒരു പരസ്യം ആ പ്രായത്തിലും തനിക്കുണ്ടായിരുന്ന ആത്മവിശ്വാസത്തെദ്യോതിപ്പിക്കുന്നതായിരുന്നു. 'നമ്പർ 60, അപ്പർ പാർക്ക് സ്ട്രീറ്റ്, കേംബ്രിഡ്ജ്. ക്രിസ്തുമസ് കഴിഞ്ഞതും ആറോ ഏഴോ യുവമാന്യന്മാരെ പകൽ സമയത്തെ വിദ്യാർത്ഥികളായി താൻ എടുക്കുന്നുവെന്നത് സി. എച്ച്. സ്പർജൻ ഇതിനാൽ തന്റെ എണ്ണമറ്റ സുഹൃത്തുക്കൾക്കു തെര്യപ്പെടുത്തുന്നു. വ്യാപാരാടിസ്ഥാനത്തിലുള്ള നല്ല വിദ്യാഭ്യാസം നല്കാൻ അയാൾ പരമാവധി യജ്ഞിക്കുന്നതായിരിക്കും. ദൈനംദിന പഠ്യപദ്ധതിയിൽ അങ്കഗണിതം, ബീജഗണിതം, ക്ഷേത്രഗണിതം, അളവുശാസ്ത്രം, വ്യാകരണം, ഉപന്യാസം, പ്രാചീനവും ആധുനികവുമായ ചരിത്രം, ഭൂമിശാസ്ത്രം, പ്രകൃതി ശാസ്ത്രം, ജ്യോതിശാസ്ത്രം, ദൈവവചനം, ചിത്രരചന എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. താത്പര്യമുള്ളവർക്ക് ലത്തീനും ഗ്രീക്കിലെയും ഫ്രഞ്ചിലെയും പ്രാഥമിക പാഠങ്ങളും പഠിക്കാവുന്നതാണ്. ഒരു വർഷത്തേക്ക് 5 പൗണ്ട് മാത്രം.

യഥാർത്ഥത്തിൽ വിദ്യാഭ്യാസ രംഗത്തെ പ്രാതസ്മരണീയനായ വ്യക്തിയായിരുന്നു സ്പർജൻ. ബാലവേലക്കാർക്കായി സായാഹ്ന വിദ്യാലയങ്ങളും സാധാരണ വിദ്യാലയങ്ങളും സ്ഥാപിച്ച പ്രസ്ഥാനത്തിൽ താൻ സജീവമായി പങ്കെടുത്തിരുന്നു. ആ പ്രസ്ഥാനത്തിന്റെ തുടർച്ചയായാണ് വൈവിധ്യമുള്ള പാഠ്യപദ്ധതികളോടു കൂടിയ പോളിടെക്നിക്കുകളുടെ ഒരു ശൃംഗല നിലവിൽ വരുന്നത്, ഇവയ്ക്ക് സർവ്വകലാശാലയുടെ അംഗീകാരവും ഉണ്ടായിരുന്നു.

രാഷ്ട്രം തന്നെ പ്രാഥമിക വിദ്യാഭ്യാസം നല്കുക എന്ന തീരുമാനം ഹൗസ് ഓഫ് കോമൺസിൽ നിറവേറ്റപ്പെടുന്നതിനും എട്ടുവർഷം മുമ്പാണ് ടാബർ നാക്ളിനു കീഴിൽ സ്പർജൻ ഒരു സായാഹ്ന വിദ്യാലയം സ്ഥാപിക്കുന്നത്. സുവിശേഷപ്രചാരണത്തിൽ പങ്കെടുക്കാനായി ആഗ്രഹിക്കുന്നവർക്കായാണ് അത് ആരംഭിച്ചതെങ്കിലും അതിന്റെ വാതിലുകൾ എല്ലാവർക്കായും തുറന്നു കിടന്നിരുന്നു. അവിടുത്തെ പഠനം സൗജന്യവുമായിരുന്നു. അവിടെ പ്രവേശനം ലഭിച്ച യുവാക്കൾ വിദ്യാഭ്യാസത്തിന്റെ വിലയറിയാവുന്നവരായിരുന്നു. അതേത്തുടർന്ന് ലണ്ടന്റെ പല ഭാഗങ്ങളിൽ നിന്നും പതിനാറിനും അതിനുമുകളിലും പ്രായമുള്ളവർ അവിടെയെത്താൻ തുടങ്ങി. പ്രായത്തിൽ വളരെ മുതിർന്നിട്ടും വായിക്കാനറിയാത്തവരും കൂട്ടത്തിലുണ്ടായിരുന്നു. കൂലിത്തൊഴിലാളികളായ ആളുകൾക്ക് തങ്ങളുടെ വിശ്രമവേളകളിൽ നിലവാരമുള്ള വിദ്യാഭ്യാസം ലഭിക്കുന്നതിന് ഈ സ്ഥാപനം വഴിവച്ചു.

ആദ്യഘട്ടത്തിൽ പ്രാഥമികമായ അറിവും പിന്നീട് കണക്കെഴുത്ത്, ചുരുക്കെഴുത്ത്, കണക്ക് എന്നിവയും അടങ്ങുന്ന ഒരു പാഠ്യ സമ്പ്രദായമായിരുന്നു അവിടെയുണ്ടായിരുന്നത്. വിദ്യാഭ്യാസത്തോടൊപ്പം വിനോദവും എന്നതായിരുന്നു ഈ പാഠശാലയുടെ നയമെന്നതിനാൽ മേല്പറഞ്ഞ പരിപാടി വൻവിജയമായിരുന്നു. ഇവിടുത്തെ പൊതു

ശേഷം പേജ് 16-ൽ

# കുടിച്ചു പായുന്ന കേരളം

തുടർച്ച ...

## ലഹരിയിൽ ഉണരുന്ന പീഡകഭാവം

സുബോധാവസ്ഥയിൽ അടക്കി നിർത്തുന്ന ലൈംഗിക വികാരങ്ങളൊക്കെ പലപ്പോഴും അണ പൊട്ടുന്നത് മദ്യലഹരിയുടെ സ്വാധീനത്തിലാണ്. വീടിനകത്തും പുറത്തുമെല്ലാം സ്ത്രീകളും കുട്ടികളും ലൈംഗികമായി ആക്രമിക്കപ്പെടുന്നതിന് പിറകിലും മദ്യത്തിന്റെ സ്വാധീനമുണ്ട്. പന്ത്രണ്ടു വയസ്സുകാരിയായ മകളെ പീഡിപ്പിച്ചകേസിലാണ് നാൽപതുവയസ്സുകാരനായ അച്ഛനെ പോലീസ് അറസ്റ്റ് ചെയ്തത്. ഗർഭിണിയായ തന്റെ ഭാര്യ തന്റെ വീട്ടിലേക്ക് പോയ സമയത്തായിരുന്നു പീഡന ശ്രമം. രാവിലെ കുട്ടിയെ അവശനിലയിൽ കണ്ട ബന്ധുക്കളാണ് അമ്മയെ വിവരമറിയിച്ചത്. കുട്ടിയെ ആസ്പത്രിയിൽ പ്രവേശിപ്പിച്ച ശേഷം അമ്മ പോലീസിൽ പരാതി നൽകുകയായിരുന്നു. വൈദ്യപരിശോധനയിൽ പീഡനം നടന്നതായ് തെളിഞ്ഞു. ഇതിന് മുമ്പും മദ്യലഹരിയിൽ മകളെ പീഡിപ്പിക്കാൻ അയാൾ ശ്രമിച്ചിട്ടുണ്ടെന്ന് അമ്മ പോലീസിന് മൊഴി നൽകി. അച്ഛനോടൊപ്പം വീട്ടിൽ താമസിക്കരുതെന്നും രാത്രി അയൽ വീട്ടിൽ കിടക്കണമെന്നും മകളോട് നിർദ്ദേശിച്ചാണ് താൻ വീട്ടിലേക്ക് പോയതെന്ന് അമ്മ നൽകിയ മൊഴിയിൽ പറയുന്നു.

**മിനുങ്ങിയാൽ കൂടുന്ന ആസക്തി**

നാം വായിച്ചു മറന്ന അനേകം ലൈംഗികപീഡന വാർത്തകളിലൊന്നാണ് ഇതും. ലഹരിയോടെന്ന പോലെ സ്ത്രീ ശരീരത്തോടും മലയാളിക്ക് ആസക്തി കൂടി വരികയാണ്. സുബോധാവസ്ഥയിൽ അടക്കി നിറുത്തുന്ന ലൈംഗിക വികാരങ്ങളൊക്കെ പലപ്പോഴും അണപൊട്ടുന്നത് ലഹരിയുടെ സ്വാധീനത്തിലാണ്. വീട്ടിലും ഓഫീസിലും നിരത്തിലും വാഹനത്തിലുമൊക്കെ കുട്ടികളും സ്ത്രീകളും ലൈംഗികമായി ആക്രമിക്കപ്പെടുമ്പോൾ അവയിൽ ഒരു രാസത്വരകമായി ആൽക്കഹോളുമുണ്ടാകും. ഒന്ന് മിനുങ്ങിയാൽ പഞ്ചാരക്കുട്ടനായി മാറുന്ന മലയാളിയുടെ തനത് സ്വഭാവം പുതിയ കാലത്ത് സ്ത്രീകൾക്കും കുട്ടികൾക്കും സീമാതീതമായ ദുരിതങ്ങളാണ് സമ്മാനിക്കുന്നത്.

സംസ്ഥാന ക്രൈം റെക്കോഡ്സ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള ലൈംഗിക പീഡനക്കേസുകൾ വൻതോതിൽ വർധിക്കുകയാണ്. കുട്ടികളെ ബലാൽസംഗം ചെയ്തതുമായി ബന്ധപ്പെട്ട് 2012 -ൽ 4455 കേസുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്. 2008 – ൽ ഇത് 215 ആയിരുന്നു. സ്ത്രീകളെ ബലാൽസംഗം ചെയ്ത 1019 കേസുകളും ഇക്കാലയളവിൽ രജിസ്റ്റർ ചെയ്യപ്പെട്ടു. തിരൂരിൽ മൂന്നു വയസ്സുള്ള പിഞ്ചുകുഞ്ഞിനെ പീഡിപ്പിച്ച് കുറ്റിക്കാട്ടിലെറിഞ്ഞ അത്യന്തംഹീനമായ വാർത്തയാണ് അവയിൽ ഒടുവിലത്തേത്. ഇത്തരം ഒട്ടു മിക്ക പീഡനക്കേസുകളിലും മദ്യത്തിന്റെ പങ്ക് സുവ്യക്തമാണ്. മദ്യാസക്തിയിൽ മകളെ പീഡിപ്പിക്കുകയും പണമുണ്ടാക്കാനായി പലർക്കും കാഴ്ച വെക്കുകയും ചെയ്ത എത്രയോ പെൺവാണിഭക്കേസുകളാണ് ഇക്കാലയളവിൽ നാം വായിച്ചത്. മദ്യലഹരിയിൽ അമ്മയെ ബലാൽസംഗം ചെയ്യാൻ ശ്രമിച്ച മകനെ കൊലപ്പെടുത്തി ജയിലിൽ എത്തിയ ഒരു തടവുപുള്ളിയുടെ അനുഭവം ഒരു ലഹരി വിരുദ്ധപരിപാടിയിൽ മമ്മൂട്ടി പങ്കുവെച്ചതായി കുറച്ചു നാളുകൾക്കു മുമ്പ് വായിച്ചതായി ഓർക്കുന്നു. മദ്യം മനസ്സിന്റെ സമനിലതെറ്റിക്കുമ്പോഴാണ് മുലയൂട്ടിയ അമ്മയെപ്പോലും മാനഭംഗപ്പെടുത്താൻ മദ്യപാനി മുതിരുന്നത്. ഡൽഹിയിൽ ഓടിക്കൊണ്ടിരിക്കുന്ന ബസിൽ ആ പെൺകുട്ടി കിരാതമായി പീഡിപ്പിക്കപ്പെടുമ്പോഴും വേട്ടക്കാരായ ആറുപേരും മദ്യലഹരിയിലായിരുന്നു. ലോകത്ത് അതിവേഗം വളരുന്ന മൂന്നാമത്തെ മദ്യവിപണിയായ ഇന്ത്യയിൽ ഏറ്റവും വളർച്ചയുള്ള കുറ്റകൃത്യവും ബലാൽസംഗം

ശേഷം പേജ് **16**-ൽ

തുടർച്ച പേജ് 9-ൽ നിന്നും

ശക്കാർ യരുശലേമിനെ നശിപ്പിച്ചു. അനേകരെ അടിമകളാക്കി. അന്നു ഏദോം സഹോദരന്റെ അനർത്ഥദിവസത്തിൽ രസിച്ചു. രക്ഷപ്പെട്ട് ഓടിപ്പോയവരെ വഴിത്തലയ്ക്കൽ നിന്ന് ഏദോം സംഹരിച്ചു. യാക്കോബിന്റെ കഷ്ടദിവസത്തിൽ ഏദോം ചെയ്തത് ഒരിക്കലും ക്ഷന്തവ്യമല്ല. അതുകൊണ്ട് ഏദോമിന്റെ പ്രവൃത്തി അവന്റെ തലമേൽ തന്നെ വരും. പ്രവാചകവാക്യങ്ങളുടെ സംഗ്രഹം ഏതാണ്ടിങ്ങനെയാണ്.

പ്രവാചകൻ ഏദോമിൻ മേൽ വരുന്ന ശിക്ഷാവിധി ഗൗരവത്തോടെ അറിയിക്കുന്നു. ദൈവം തന്റെ ജനത്തെ വിടുവിക്കും. രാജത്വം യഹോവയ്ക്കു ആകുന്നതിനെ ഒടുവിൽ ചൂണ്ടി കാണിക്കുന്നു.

തുടർച്ച പേജ് 12- ൽ നിന്നും

ക്തമായ കാര്യങ്ങളെ നാം അനുസരിക്കുന്നതു കൊണ്ട് ക്രിസ്തുവിനെ ഏറ്റു പറയുന്നതിന് യാതൊരു തടസ്സങ്ങളും നമ്മുടെ ജീവിതത്തിൽ ഉണ്ടാവാൻ പാടില്ലാത്തതാണ്. എന്നാൽ സുവിശേഷം മറ്റുള്ളവരുമായി പങ്കുവെച്ചാൽ അവർ നമ്മെക്കുറിച്ച് എന്തു പറയുമെന്ന മാനുഷഭയം പലപ്പോഴും സുവിശേഷ ഘോഷണത്തിൽ നിന്ന് നമ്മെ പിൻ തിരിപ്പിക്കാറുണ്ട്. 'ഭീരുത്വത്തിന്റെ ആത്മാവിനെയല്ല. പിന്നെയോ ശക്തിയുടെയും, സ്നേഹത്തിന്റെയും, സുബോധത്തിന്റെയും ആത്മാവിനെയത്രെ നാം പ്രാപിച്ചിരിക്കുന്നത്' (2 തിമൊ.1:7). 'സ്നേഹത്തിന് ഭയമില്ല. തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കുന്നു' ( 1യോഹ.4:18). 'എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു' (ഫിലി.4:13). നാം ക്രിസ്തുവിനെ മറ്റുള്ളവരോട് സാക്ഷീക്കാതിരുന്നാൽ ദൈവം നമ്മോട് കണക്കു ചോദിക്കുന്ന ഒരു ദിവസമുണ്ട്. 'ഞാൻ ദുഷ്ടനോട് ദുഷ്ടാ നീ മരിക്കും എന്നു കല്പിക്കുമ്പോൾ ദുഷ്ടൻ തന്റെ വഴിവിട്ടു തിരിവാൻ കരുതത്തക്കവണ്ണം നീ അവനെ പ്രബോധിപ്പിക്കാതെ ഇരുന്നാൽ, ദുഷ്ടൻ തന്റെ അകൃത്യം നിമിത്തം മരിക്കും; അവന്റെ രക്തമോ ഞാൻ നിന്നോട് ചോദിക്കും' (യെഹ.33:8).

തുടർച്ച പേജ് 14-ൽ നിന്നും

വിജ്ഞാന പ്രസംഗങ്ങൾ ഫലത്തിൽ വിജ്ഞാന പ്രദമായവ തന്നെയായിരുന്നു. ദുർജ്ഞേയമായ ഒരു ലോകത്തു ജീവിക്കുന്ന കുറെ വയസ്സൻ പണ്ഡിതന്മാരുടെ അധരവ്യായാമമല്ലായിരുന്നു അവ.

പിറ്റ്മാന്റെ ചുരുക്കെഴുത്തിന് പ്രചാരം വർദ്ധിച്ചുവരുന്ന നാളുകളായിരുന്നു അവ. ചുരുക്കെഴുത്തിലുള്ള വിജ്ഞാനം തന്റെ വിദ്യാർത്ഥികൾക്ക് തങ്ങളുടെ സഭാശുശ്രൂഷകളിൽ വലിയ അളവിൽ ഉപകാരപ്രദമായിരിക്കുമെന്ന് സ്പർജൻ മുൻ കൂട്ടികണ്ടിരുന്നു. 1879 ൽ ആരംഭിച്ച ഷോർട്ട് ഹാന്റ് ക്ലാസ്സുകൾ 1896 വരെയും നിലവിലുണ്ടായിരുന്നു. അവയിൽ ചേരാനാഗ്രഹിച്ചിരുന്ന ആർക്കും ഉപാധികളില്ലാതെ പഠിക്കുകയുമാകാമായിരുന്നു.

തുടർച്ച പേജ് 15- ൽ നിന്നും

തന്നെ. ദേശീയ ക്രൈംറെക്കോഡ്സ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം കഴിഞ്ഞ നാലു പതിറ്റാണ്ടിനിടെ 873 ശതമാനമാണ് വർധന! പതിനെട്ടു മാസം മാത്രം പ്രായമുള്ള പിഞ്ചു പൈതൽ പോലും നമ്മുടെ രാജ്യത്ത് ബലാൽസംഗം ചെയ്യപ്പെട്ടിട്ടുണ്ടെന്ന് ഓർക്കണം!

ലൈംഗിക ആസക്തിയെ നിയന്ത്രിച്ചു നിർത്താനുള്ള സ്വാഭാവിക കഴിവിനെ മദ്യലഹരി പലപ്പോഴും ഇല്ലാതാക്കുന്നു. മദ്യപാനികളിൽ നാലിലൊന്നു പേർക്കും പങ്കാളിയുമായി ആരോഗ്യകരമായ ലൈംഗിക ജീവിതത്തിൽ ഏർപ്പെടാനാകുന്നില്ല എന്ന് പഠനങ്ങൾ തെളിയിക്കുന്നു. ലൈംഗിക തൊഴിലാളികളെ തേടിപ്പോകുന്നതിനും എയിഡ്സ് രോഗം കടന്നു പിടിക്കുന്നതിനും മദ്യപാനം വഴി ഒരുക്കുന്നു.

*

Continued from Page 13

faith in Christ alone and received all that God had for them through faith. Why had they gone back into legalism? That's a good question.

Paul then shows them the real purpose of the Law. It wasn't to help us live a holier life; it was to point out our sin to us and bring condemnation so we would never come into the deception that we could relate to God based on our own performance. Amazingly, the average Christian has totally missed this fact and, instead, embraces the Law as a good thing. The Law would be good if we could keep it, but Paul reveals that a failure to do the tiniest detail of the Law makes us guilty of all of it. Instead of receiving the blessing for obedience, one small failure brings the curse instead. The only way out of the curse is through faith in Christ alone. Christ bore our curse (Gal. 3:13).

Paul begins to summarize in chapter 5. He starts by saying, "Stand fast therefore in the liberty wherewith Christ hath made us free, and be not entangled again with the yoke of bondage." The yoke of bondage he is speaking of is the Law. He's saying don't go back to trying to please God by adhering to rules and regulations. The thing that pleases God is faith (Heb. 11:6).


**പ്രാർത്ഥനാ സഹായി**

സുവാർത്താ സെന്ററിൽ പ്രാർത്ഥനാ സെൽ പ്രവർത്തിച്ചു വരുന്നു. എല്ലാ ദിവസവും രാവിലെ 10 മണി മുതൽ വൈകിട്ട് 5 വരെ വിവിധ വിഷയങ്ങൾക്കായി പ്രാർത്ഥിക്കുന്നു.

*നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ ഞങ്ങൾക്കെഴുതുക*

**സുവാർത്താ സെന്റർ**

മല്ലപ്പള്ളി വെസ്റ്റ് പി.ഒ.

ഫോൺ : 9961359567


Paul says in verse 2, "Behold, I Paul say unto you, that if ye be circumcised, Christ shall profit you nothing." What a radical statement! That's saying that if our trust is in something that we do to make us accepted with God, then what Christ has done for us will profit us nothing. This is exactly what is happening in the lives of many people. They know about Christ and believe that He purchased their forgiveness of sins, but they think they have to obtain that forgiveness through some merit of their own. That voids what Christ has done for them. They get what they deserve instead of what Christ did for them. What a shame! They have fallen from grace back into trusting in themselves.

Does all this grace mean we can just live in sin? It means that God loves us the same even if we live in sin, but Paul made it clear in Galatians 5:13 that holy living is still the right way to live: "For, brethren, ye have been called unto liberty; only use not liberty for an occasion to the flesh, but by love serve one another." Grace doesn't cause people to live in sin; it frees them from the paralyzing effects of guilt and condemnation so that they can live holier accidentally now than they ever did on purpose before.

What happens if a Christian does take God's grace for granted and lives in sin? Paul addressed that in verse 15: "But if ye bite and devour one another, take heed that ye be not consumed one of another." He is saying that there are still consequences to sin, but those consequences don't come from God. Living in sin opens the door to the devil, and he will eat your lunch and pop the bag. We don't want that.

As much as possible, we live holy, but we never do so in order to earn anything from God. That all comes by grace. When we do sin, we don't come under condemnation about it and let the devil separate us from the love of God.

# വിശ്വസ്തത പാലിക്കുക

ദൈവത്തോടും മനുഷ്യരോടും നമ്മൾ വിശ്വസ്തരായിരിക്കണം എന്ന് ദൈവവചനം നമ്മെ പഠിപ്പിക്കുന്നു. എന്നാൽ ലോകത്തിന്റെ മുമ്പിൽ വിശ്വസ്തരായി നിന്നവർ എല്ലാം ഭോഷന്മാരായി എന്നതാണു സത്യം. പക്ഷേ പിന്നത്തേതിൽ ഉയർച്ച നേടിയത് ഇവരാണ്.

ഒരിക്കൽ ഒരു സ്ഥാപനത്തിൽ വിശ്വസ്തനായ ഒരു ജോലിക്കാരനെ ആവശ്യമായി വന്നു. അതിനായി അവർ പരസ്യം നൽകി. പരസ്യം കണ്ട് അനേകർ വന്നു. ആദ്യം ഒരു എഴുത്തു പരീക്ഷ ആയിരുന്നു. അതിനായി എല്ലാവരും നിശ്ചയിക്കപ്പെട്ട ദിവസം ഹാളിൽ പ്രവേശിച്ചു. അല്പം കഴിഞ്ഞ് പരീക്ഷ ആരംഭിച്ചു. സൂപ്പർവൈസറായി വന്നത് അതിന്റെ ഉടമ തന്നെ ആയിരുന്നു. അല്പം കഴിഞ്ഞപ്പോൾ അദ്ദേഹം പുറത്തേക്കു പോയി. കുറെ നേരം കഴിഞ്ഞിട്ടും അദ്ദേഹം വരാഞ്ഞതിനാൽ എല്ലാവരും അങ്ങോട്ടും ഇങ്ങോട്ടുമെല്ലാം ചോദിച്ച് എഴുതി. പരീക്ഷാ സമയം തീർന്നപ്പോൾ അദ്ദേഹം വന്ന് എല്ലാവരുടെ പേപ്പർ വാങ്ങിച്ചു. പരീക്ഷയ്ക്ക് മാർക്ക് കുറഞ്ഞ ആളെ വിജയിയായി പ്രഖ്യാപിച്ചു. എല്ലാവരും അത്ഭുതപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞു; ഈ മുറി ക്യാമറ നീരീക്ഷണത്തിലായിരുന്നു. തൊട്ടടുത്ത് തന്റെ ഓഫീസിൽ മോണിറ്ററിൽ ഇതെല്ലാം കാണുന്നുണ്ടായിരുന്നു. ഉത്തരങ്ങൾ ആരോടും ചോദിക്കാതെ തനിക്ക് അറിയാവുന്നതു മാത്രം എഴുതിയ ആൾ അല്പം മുമ്പ് എല്ലാവരുടെയും മുമ്പിൽ ഭോഷനായിരുന്നു. എന്നാൽ വിശ്വസ്തനായ അയാളെ ആ ജോലിക്ക് എടുത്തു.

സങ്കീ. 12:1 ൽ പറയുന്നു; വിശ്വസത്ന്മാർ മനുഷ്യപുത്രന്മാരിൽ കുറഞ്ഞിരിക്കുന്നു. ഈ കാലത്ത് വിശ്വസ്തന്മാരുടെ എണ്ണം കുറയുകയാണ്. അതുകൊണ്ടുതന്നെ അവരുടെ മൂല്യം കൂടികൊണ്ടിരിക്കുന്നു. നാം ഈ ലോകത്തിന്റെ മുമ്പിൽ വിശ്വസ്തതയോടെ നിന്നാൽ, ദൈവം നമ്മെ മാനിക്കും. വിശ്വസ്തന്മാർ ഇപ്പോൾ ഭോഷന്മാരായി തോന്നിയാലും. കാലം നിങ്ങളുടെ വില തെളിയിക്കും. അതുകൊണ്ട് ചെറിയ താൽക്കാലിക നേട്ടത്തിനു വേണ്ടി വില കളയാതെ നാം സൂക്ഷിക്കുക.

*Praisy Ann Jiji    Ezhamkulam*

# നല്ല സുഹൃത്തുക്കൾ

സുഹൃത്തുക്കൾ നമ്മുടെ സമ്പത്താണ്. സ്നേഹിതരില്ലാത്തവർ മൃഗതുല്യരാണ്. ജീവിതത്തിലെ സന്തോഷവും, ദുഖവും ഒരുപോലെ പങ്കിടുവാനായി വേണ്ടവിധത്തിൽ നമ്മെ മനസ്സിലാക്കുന്ന ഒരു സുഹൃത്ത് എല്ലാവരുടെയും സ്വപ്നമാണ്. നല്ല സുഹൃത്ത് എല്ലാവരുടെയും സ്വപ്നമാണ്. നല്ല സുഹൃത്തുക്കളെ എങ്ങനെ കണ്ടെത്താൻ കഴിയുമെന്നതാണ് പ്രശ്നം. പലപ്പോഴും നാം സുഹൃത്തുക്കളെ തിരഞ്ഞെടുക്കാറില്ല. അവർ കാലക്രമേണ സുഹൃത്തുക്കളാകുന്നവരാണ്. ഒരു പക്ഷേ സുഹൃത്തുക്കൾ തന്നെ ശത്രുക്കളായും ഭവിക്കാം. അനർത്ഥത്തിൽ സഹായിക്കുന്നവനെക്കാൾ വലിയ സുഹൃത്തില്ല. സ്നേഹിതൻ എല്ലാക്കാലത്തും സ്നേഹിക്കുന്നു, അനർത്ഥകാലത്ത് അവൻ സഹോദരനായി തീരുന്നു എന്ന് വേദപുസ്തകത്തിലെ സദൃശ്യവാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ആപത്തിൽ സഹായിക്കുന്നവനാണ് യഥാർത്ഥ സുഹൃത്ത്.

നമ്മുടെ എല്ലാ ന്യൂനതകളും കണ്ടുപിടിച്ച് നമ്മോടു പറയുകയും, അന്യരുടെ മുൻപിൽ മറച്ചു വയ്ക്കുകയും ചെയ്യുന്നവനാണ് യഥാർത്ഥ സുഹൃത്ത്- ബേക്കൺ പറഞ്ഞതായ ഈ അഭിപ്രായം സുഹൃത്ത് ബന്ധത്തിന്റെ ഒരു വീക്ഷണം മാത്രമാണ്. സുഹൃത്തുക്കൾ ഇപ്രകാരമായിരുന്നു എങ്കിൽ ന്യൂനതകളില്ലാത്ത ഒരു സമൂഹം നമുക്ക് മുമ്പിൽ ലഭിക്കുമായിരുന്നു. എന്നാൽ സുഹൃദ്ബന്ധത്തിന് വ്യത്യസ്ത മുഖങ്ങൾ ഉണ്ടെന്ന കാര്യം പലരും മറക്കുന്നു. എത്രയോ പേരാണ് സൗഹൃദത്തിന്റെ ലേബലിൽ ചെളിക്കുഴിയിൽ അകപ്പെട്ടിരിക്കുന്നത്?

*ശേഷം കവർ പേജ് 3*

**കോയമ്പത്തൂരിൽ ഉള്ള ഒരു പുതിയ ചർച്ച് സുവാർത്താ മിനിസ്ട്രീസിനോട് ചേർന്നു പാസ്റ്റർ ആന്റോ പീറ്റർ കുടുംബമായി ഇവിടെ ശുശ്രൂഷിക്കുന്നു.**







# നല്ല സുഹൃത്തുക്കൾ

*തുടർച്ച പജ് 18*

ചങ്ങാതികൾ ചതിക്കുഴികളാകുമ്പോൾ എന്താണ് ചെയ്യുക? സ്വാർത്ഥ താല്പര്യത്തിനും സ്വയരക്ഷക്കും വേണ്ടി ഏതു സുഹൃത്തിനെയും തള്ളിക്കളയാനും, വഞ്ചിക്കാനും ഇന്നത്തെ സമൂഹം മടിക്കുന്നില്ല.

സാഹചര്യങ്ങൾക്കും, പ്രായത്തിനും അനുസരിച്ച് നാം തിരഞ്ഞെടുക്കുന്ന സുഹൃത്തുക്കൾ മാറിക്കൊണ്ടിരിക്കും. ഇന്നു കാണുന്ന സുഹൃത്തുക്കൾ നമ്മെ വിട്ടുപോയി എന്നു വരാം, അവർ നമ്മെ വഞ്ചിച്ചു എന്നും വരാം. എന്നാൽ പാപത്തിൽ വീണ് ദൈവശിക്ഷയാകുന്ന നിത്യനരകത്തിന് വിധിക്കപ്പെട്ട മനുഷ്യവർഗ്ഗത്തെ ഉദ്ധരിക്കുന്നതിനായി ചരിത്രത്തെ ബി.സി (യേശു വരുന്നതിന് മുമ്പ്) എന്നും എ.ഡി (യേശു വന്നതിനു ശേഷം) എന്നും രണ്ടായി വിഭജിച്ചുകൊണ്ട് പൂർണ്ണമനുഷ്യനും പൂർണ്ണ ദൈവവുമായി ഈ ധരിത്രിയിൽ കാല സമ്പൂർണ്ണതയിൽ ഇറങ്ങി വന്ന് മനുഷ്യവർഗ്ഗത്തിന്റെ പാപത്തിന്റെ ശിക്ഷയായി യാഗമായി തീർന്ന യേശുക്രിസ്തു ഒരു യഥാർത്ഥ സ്നേഹിതന്റെ ചിത്രം യോഹന്നാൻ 15:13ൽ വരച്ചു കാണിക്കുകയുണ്ടായി. സ്നേഹിതനു വേണ്ടി തന്റെ ജീവനെ കൊടുക്കുന്നതിൽ അധികമായ സ്നേഹം ആർക്കുമില്ല. പാപത്തിൽ മരിക്കേണ്ട നമ്മെ സ്നേഹിച്ച്, നമ്മുടെ പാപത്തിന്റെ ശിക്ഷ മുഴുവനും പാപമില്ലാത്ത തന്റെ മേൽ വഹിച്ച്, ക്രൂശിൽ മരിച്ച് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ് യേശുക്രിസ്തു ഇന്നും നമുക്കായി ജീവിക്കുന്നു. നിങ്ങൾ നല്ലൊരു സുഹൃത്തിനെ ലഭിക്കാതെ ദുഃഖിക്കുന്നുവോ? വഞ്ചനയിൽപ്പെട്ട് നിരാശപ്പെടുന്നുവോ? എനിക്ക് മാത്രം ആരുമില്ല എന്ന് കരുതുന്നുവോ? ഒരിക്കലും മാറിപ്പോകാത്ത നമുക്കു വേണ്ടി അവസാനതുള്ളി രക്തവും ചിന്തിതന്ന്, ജീവനെ വെടിഞ്ഞ്, ഇനിയും ഒരിക്കലും മരണമില്ലാത്ത പുനരുത്ഥാന ശരീരം പ്രാപിച്ച യേശു എന്ന നല്ല സുഹൃത്തിനെ രക്ഷകനായി സ്വീകരിക്കുക. യേശു നിങ്ങളെ കരുതുന്നു. ഈ ഭൂമിയിൽ തന്നെ നല്ല സുഹൃത്തുക്കളെ അവൻ നിങ്ങൾക്ക് നൽകുകയും ചെയ്യും.

**സുഹൃത്തുക്കളെ തിരഞ്ഞെടുക്കുമ്പോൾ.** ദൈവഭക്തിയിൽ ജീവിക്കുന്നവരെക്കാൾ നിങ്ങളെ നയിക്കാൻ, സഹായിക്കാൻ കഴിയുന്ന സുഹൃത്തുക്കൾ വേറെയില്ല. ഏതൊരു സുഹൃത്തിനെയും നൂറു ശതമാനം വിശ്വസിക്കരുത്. നന്നായി മനസ്സിലാക്കിയ ശേഷമേ രഹസ്യങ്ങൾ പങ്കുവെക്കാവൂ. സുഹൃദ്ബന്ധത്തിൽ സൗന്ദര്യ പിണക്കം പാടില്ല. ഞാൻ വലിയവൻ, നീ ചെറിയവൻ എന്ന ഭാവവും നന്നല്ല. പരസ്പരം അംഗീകരിക്കുക. സുഹൃത്തിന്റെ ഉയർച്ചയിൽ അസൂസയപ്പെടുന്നവരെയും വഞ്ചിക്കുന്നവരെയും ഒഴിവാക്കുക ധനം, സൗന്ദര്യം എന്നിവയേക്കാൾ ഹൃദയത്തിന്റെ ശുദ്ധിയാണ് ഒരു നല്ല സുഹൃത്തിന്റെ മാനദണ്ഡം.

Suvartha Dhodan
Church News Bulletin
Vol. 8
Issue No. 11
Price Rs. 10/-
RNI.No. KERBIL/2009/30157
Postal Reg. No. KL/TLA/231/2013-15
Date of Publication: 19/11/2015

# സുവാർത്താ ചർച്ച് മാരാമണ്ണിൽ പുതിയതായി പണിത പാഴ്സനേജിന്റെ ഉദ്ഘാടനം നവം.11ന് നടന്നു.







## സുവാർത്താ ചർച്ച് മാരാമണ്ണിൽ നവം.11ന് നടന്ന സുവാർത്താ പാസ്റ്റേഴ്സ് മീറ്റിംഗ്



Printed, Published and Owned by V.S. Varghese, Suvartha Centre, Mallappally West P.O., Kerala-689 585 Printed at Evangel Press, Ramanchira, Tiruvalla, Tel : 0469-2630223, and published at Suvartha Centre, Mallappally West P.O., Kerala 689 585, Editor: Jiji Daniel